POSTAL REG NO GDP-44/2017-2019

بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാല്യം 2

ലക്കം 16

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ഏപ്രിൽ 20/ഹി:ശം:1396 ശഹാദത്ത് 20/ഹി:ഖ: 1438 റജബ് 22

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 17-03-2017ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം3-ാംപേജിൽവായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

**സ്വന്തം സഹോദരന്റെ തെറ്റുകുറ്റങ്ങൾ അധികമായി പൊറുത്തുകൊടുക്കുന്നവനാണ് നിങ്ങളിലേറ്റവും ആദരണീയൻ. കടുംപിടിത്തം പിടിക്കുകയും പൊറുത്തുകൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ അങ്ങേയറ്റം ഭാഗ്യം കെട്ടവനത്രെ.**

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

“നിങ്ങളുടെ അസ്തിത്വത്തിൽ സമ്പൂർണമായ വിപ്ലവം ഉണ്ടാകണമെന്ന് അല്ലാഹു ആഗ്രഹിക്കുകയും നിങ്ങളിൽനിന്ന് ഒരു മരണം ആവശ്യപ്പെടുകയും ചെയ്യുന്നു. അതിനുശേഷം അവൻ നിങ്ങളെ ജീവിപ്പിക്കുന്നതാണ്. അതിനാൽ നിങ്ങൾ എത്രയും വേഗം പരസ്പരം ഐക്യപ്പെടുകയും നിങ്ങളുടെ സഹോദരങ്ങളുടെ തെറ്റുകുറ്റങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യുക. എന്തുകൊണ്ടെന്നാൽ തന്റെ സഹോദരനുമായി ഐക്യത്തിന്നിഷ്ടപ്പെടാത്ത മനുഷ്യൻ ദുഷ്ടനാണ്. അവൻ മുറിച്ചു നീക്കപ്പെടും. കാരണം അവൻ ഭിന്നിപ്പുണ്ടാക്കുന്നു. നിങ്ങൾ നിങ്ങളുടെ ഇന്ദ്രീയാശകളെ എല്ലാ വശത്തുടേയും ഉപേക്ഷിക്കുകയും പരസ്പരമുള്ള വെറുപ്പ് കൈവെടിയുകയും ചെയ്യുക. നിങ്ങൾ പൊറുക്കപ്പെടുന്നവരാകാൻ സത്യവാനായിക്കൊണ്ട് വ്യാജനെപ്പോലെ വിനയം കൈക്കൊള്ളുക. ഏതൊരു വാതിലിലൂടെയാണോ നിങ്ങൾ വിളിക്കപ്പെടുന്നത് അതിലൂടെ കടക്കാൻ വണ്ണമുള്ള ഒരാൾക്ക് സാധ്യമല്ലാത്തതിനാൽ ശരീരേച്ഛകളുടെ വണ്ണം ഉപേക്ഷിക്കുക.

ദൈവത്തിന്റെ വായിൽനിന്ന് പുറപ്പെടുകയും ഞാൻ വിവരിക്കുകയും ചെയ്ത ഇക്കാര്യങ്ങളെ അംഗീകരിക്കാത്ത മനുഷ്യൻ എത്രമാത്രം നിർഭാഗ്യനാണ്. ഉപരിലോകത്ത് അല്ലാഹു നിങ്ങളെ തൃപ്തിപ്പെടണമെന്നാഗ്രഹിക്കുന്നെങ്കിൽ ഒരു അമ്മ പെറ്റ മക്കളെപ്പോലെ നിങ്ങൾ ഐക്യത്തിൽ വർത്തിക്കുവിൻ. സ്വന്തം സഹോദരന്റെ തെറ്റുകുറ്റങ്ങൾ അധികമായി പൊറുത്തുകൊടുക്കുന്നവനാണ് നിങ്ങളിലേറ്റവും ആദരണീയൻ. കടുംപിടിത്തം പിടിക്കുകയും പൊറുത്തുകൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ അങ്ങേയറ്റം ഭാഗ്യം കെട്ടവനത്രെ. അതിനാൽ അവന് ഞാനുമായി ഒരു ബന്ധവുമില്ല. ദൈവത്തിന്റെ ശാപത്തെതൊട്ടു വളരെ ഭയമുള്ളവരായിരിക്കുവിൻ. അവൻ പരിശുദ്ധനും അഭിമാനിയുമത്രെ.”

*(കശ്തിയെ നൂഹ്, റൂഹാനീ ഖസായിൻ വാല്യം 19 പേജ് 12)*

## പ്രാർഥന

### ഹദ്റത്ത് മസീഹ് മൗഊദ്(അ)

“അല്ലാഹുവിന്റെ അനുഗ്രഹം സമീപത്തു വരുമ്പോൾ പ്രാർഥന സ്വീകരിക്കപ്പെടുന്നതിന് മുൻകൂട്ടിയുള്ള മാർഗങ്ങൾ അവൻതന്നെ സജ്ജമാക്കുന്നു. ഹൃദയത്തിൽ ഒരു വികാരത്തള്ളിച്ച, ഒരു കത്തിക്കാളൽ ഉടലെടുക്കുന്നു. എന്നാൽ, പ്രാർഥന സ്വീകരിക്കപ്പെടുന്നതിനുള്ള സമയമെത്തിയിട്ടില്ലെങ്കിൽ അല്ലാഹുവിലേക്ക് തിരിയാൻ കാരണമാകുന്ന ആ ഹൃദയശാന്തി ഉണ്ടാകുകയില്ല. തന്നിൽ എത്രതന്നെ സമ്മർദം ചെലുത്തിയാലും ഹൃദയം സന്നദ്ധമാവുകയില്ല. അതിനു കാരണം ചിലപ്പോൾ അല്ലാഹു അവന്റെ ഹിതം നടപ്പാക്കുന്നതിനുള്ള വിധി നടത്തുകയും മറ്റു ചിലപ്പോൾ തന്റെ ദാസരുടെ പ്രാർഥനയ്ക്കു വഴങ്ങുകയും ചെയ്യുന്നു എന്നതാണ്. അതുകൊണ്ടാണ്, ദൈവത്തിന്റെ ഇഷ്ടം വെളിപ്പെടുത്തുന്ന അടയാളം കാണുന്നതുവരെ പ്രാർഥന സ്വീകരിക്കപ്പെടുന്ന കാര്യത്തിൽ ഞാൻ ഒരു ആശയും വെക്കാത്തത്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ, എന്റെ നാഥന്റെ ഹിതത്തിനു മുമ്പിൽ പ്രാർഥന സ്വീകരിക്കപ്പെടുമ്പോൾ എനിക്കനുഭവപ്പെടുന്ന ഹൃദയോല്ലാസത്തെക്കാൾ എത്രയോ മടങ്ങധികം സന്തോഷത്തോടുകൂടി ഞാൻ സ്വയം സമർപണം ചെയ്യാറാണ് പതിവ്. ദൈവഹിതത്തിനു മുമ്പിലുള്ള കീഴ്വണക്കത്തിന്റെ ഫലാനുഭവങ്ങളും അനുഗ്രഹസിദ്ധികളുമാകട്ടെ എത്രയോ ഏറെയാണെന്ന് എനിക്കറിയാവുന്നതാണ്."(മൽഫൂദാത്ത് വാല്യം 1, പേജ് 460)

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: “അനുസരണത്തെ സത്യഹൃദയത്തോടെ സ്വീകരിക്കുകയാണെങ്കിൽ മനസ്സിൽ ഒരു പ്രകാശവും ആത്മാവിൽ ഒരു രസാനുഭവവും പ്രകാശവും വരുന്നു. എത്രത്തോളം അനുസരണം ആവശ്യമുണ്ടോ അത്രത്തോളം അധ്വാനം ആവശ്യമില്ല. എന്നാൽ, അത് സത്യസന്ധമായ അനുസരണമായിരിക്കണം. ഇതുതന്നെയാണ് ദുഷ്ക്കരമായിട്ടുള്ളതും. അനുസരണത്തിൽ തന്റെ ശരീരേച്ഛയെ അറുത്തിടേണ്ടത് നിർബന്ധമാണ്. ഇതല്ലാതെ അനുസരണം ഉണ്ടാകുകയേയില്ല."

## റമദാൻ മാസത്തിന്റെ മഹത്വം

“ശഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ എന്ന വാക്യത്തിൽനിന്ന് റമദാൻ മാസത്തിന്റെ മഹത്ത്വം മനസ്സിലാകുന്നുണ്ട്. മനസ്സിനെ പ്രകാശിപ്പിക്കുന്നതിന് ഉത്തമമായ മാസമാണിതെന്ന് സൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി കശ്ഫുകൾ(ജാഗ്രദർശനങ്ങൾ)ഉണ്ടാകുന്നു. നമസ്ക്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പ് മനസ്സിനെ പ്രകാശിപ്പിക്കുന്നു. ദോഷപ്രവണമായ ആത്മാവിന്റെ ഭോഗേച്ഛകളിൽനിന്ന് അകൽച്ച ലഭിക്കുക എന്നതാണ് ആത്മാവിന്റെ ശുദ്ധീകരണം കൊണ്ടുദ്ദേശിക്കുന്നത്. മനസ്സിന്റെ പ്രകാശനം കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിനെ കാണുംവിധം അവനിൽ കശ്ഫിന്റെ കവാടം തുറക്കുക എന്നതാണ്. ഈ സൂചനയാണ് ഉൻസില ഫീഹിൽഖുർആൻ എന്നതിലുള്ളത്. ഇതിൽ സംശയമോ സന്ദേഹമോ ഒന്നുമില്ല. നോമ്പിന്റെ പ്രതിഫലം വളരെ വലുതാണ്. പക്ഷേ, രോഗങ്ങളും ഉദ്ദേശ്യങ്ങളും ഈ അനുഗ്രഹത്തിൽനിന്ന് മനുഷ്യനെ തടയുന്നു.” *(തഫ്സീർ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വാല്യം 1, പേജ് 264-265)*

# റമളാൻ
# ശയ്ത്വാന്റെ പിടിയിൽ അമർന്നിരിക്കുന്നവർക്ക് രക്ഷപ്പെടാനുള്ള വഴി

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്(അയ്യദഹു)

(ഖുത്വ്ബ 18-07-2014)

**കഴിഞ്ഞ ലക്കത്തിൽ നിന്നുള്ള തുടർച്ച**

(ഉന്നത സ്വഭാവത്തിന്റേയും ഉന്നത പെരുമാറ്റത്തിന്റേയും ഉടമയാകണമെങ്കിൽ, അല്ലാഹുവിന്റെ സാമീപ്യം പ്രാപിക്കണമെങ്കിൽ തൗബ ഒന്നു മാത്രമാണ് പ്രയോജനപ്പെടുന്നത്. സഹായിയായിത്തീരുന്ന ആ കാരണംകൊണ്ടുതന്നെയാണ് മനുഷ്യൻ അഭിവൃദ്ധിപ്പെടുന്നത്. പറഞ്ഞു:) "അത് മനുഷ്യനെ സമ്പൂർണനാക്കുന്നു. അതായത് ആരാണോ തന്റെ ദുഃസ്വഭാവം മാറണമെന്ന് ആഗ്രഹിക്കുന്നത് അവൻ നിർബന്ധമായും സത്യഹൃദയത്തോടും ഉറച്ച തീരുമാനത്തോടുംകൂടി തൗബ ചെയ്യേണ്ടതാണ്. തൗബയ്ക്ക് മൂന്നു നിബന്ധനകളുണ്ടെന്ന് കാര്യവും ഓർക്കേണ്ടതാണ്. (വെറും തൗബ ചെയ്യുന്നതുകൊണ്ട് തൗബയാകുകയില്ല.) ഇത് പൂർത്തിയാകാതെ സത്യസന്ധമായ തൗബ, തൗബത്തുന്നുസൂഹ് എന്നാണ് അതിന് പറയുന്നത് ലഭിക്കുകയില്ല. എന്താണ് ആ നിബന്ധനകൾ? പറഞ്ഞു:

"ആ നിബന്ധനകളിൽ ഒന്നാമത്തേത് അറബീ ഭാഷയിൽ അതിന് ഇഖ്ലാഅ് എന്നാണ് പറയുന്നത്. അതായത് തിന്മചെയ്യാൻ പ്രേരിപ്പിക്കുന്ന എല്ലാ സ്വഭാവങ്ങളേയും അകറ്റുക. ഭാവനകൾക്ക് ശക്തമായ സ്വാധീനമുണ്ടാകുന്നു എന്നതാണ് യഥാർഥ വസ്തുത. ദുഷ്കർമങ്ങൾ നിലവിൽ വരുന്നതിനു മുമ്പേ ഓരോ പ്രവൃത്തിയും ഭാവനാത്മകമായൊരു വർണം ഉൾക്കൊള്ളുന്നുണ്ട്. അതുകൊണ്ട് പശ്ചാത്താപത്തിനുള്ള ആദ്യത്തെ നിബന്ധന ദുഃസ്വഭാവത്തിന് കാരണമാകുന്ന ചീത്ത ചിന്താഗതികളെല്ലാം ഉപേക്ഷിക്കുക എന്നതാണ്. ഉദാഹരണത്തിന് ഒരാൾക്ക് ഏതെങ്കിലും സ്ത്രീയുമായി അവിഹിത ബന്ധമുണ്ടെങ്കിൽ, അതിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങാൻ അവളെ നിർബന്ധമായും വിരൂപയായി കാണേണ്ടത് ആദ്യത്തെ നിബന്ധനയാണ്. അവളുടെ എല്ലാ ചീത്ത സ്വഭാവങ്ങളും ഓർക്കേണ്ടതാണ്. കാരണം ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ ഭാവനകൾക്ക് ഉഗ്രമായ സ്വാധീന ശക്തിയാണുള്ളത്. ഞാൻ സ്വൂഫിയാക്കളുടെ തദ്ക്കിറകളിൽ വായിച്ചിട്ടുണ്ട്, അവർ ഭാവനകളെ എത്രമാത്രം കൊണ്ടെത്തിച്ചുവെന്നാൽ മനുഷ്യനെ കുരങ്ങന്മാരുടേയും പന്നികളുടേയും രൂപങ്ങളിൽ കണ്ടിരുന്നു. ചുരുക്കം പറഞ്ഞാൽ ഒരാളുടെ ഭാവനയ്ക്കനുസരിച്ചാണ് അയാളിൽ അതിന്റെ നിറം പിടിക്കുന്നത്. ആ രുചിയുടെ കാരണമായി മനസ്സിലാക്കുന്ന ചിന്താഗതികളെ ഉന്മൂലനം ചെയ്യുക എന്നതാണ് ഒന്നാമത്തെ നിബന്ധന.

രണ്ടാമത്തെ നിബന്ധന 'നദ'മാണ്. അതായത് ലജ്ജയും പശ്ചാത്താപവും പ്രകടിപ്പിക്കൽ. ഓരോ മനുഷ്യന്റേയും ബോധം ഓരോ തിന്മയെകുറിച്ചും അറിയിച്ചുകൊണ്ടിരിക്കാനുള്ള ശക്തി ഉൾക്കൊളളുന്നതാണ്. എന്നാൽ, ദുഷ്ടനായ മനുഷ്യൻ അത് കൈവിട്ടുകളയുന്നു. അതുകൊണ്ട് പാപങ്ങളും തിന്മയും ഉണ്ടാകുമ്പോൾ അതിൽ ലജ്ജ പ്രകടിപ്പിക്കുക. അതിൽനിന്നുണ്ടായ സുഖങ്ങൾ അല്പനാളത്തേക്കുളളതും താല്ക്കാലികവുമാണെന്ന് കരുതുക. ഓരോ പ്രാവശ്യവും ആ സുഖത്തിലും രുചിയിലും കുറവു വന്നുകൊണ്ടിരിക്കുന്നുണ്ടോ എന്നും ചിന്തിക്കുക. അവസാനം വാർധക്യത്തിൽ എത്തുമ്പോൾ ശക്തികളെല്ലാം ക്ഷയിക്കുകയും ബലഹീനമാകുകയും ചെയ്യുമ്പോൾ ആ ഭൗതികമായ എല്ലാ ആനന്ദാനുഭൂതികളേയും ഉപേക്ഷിക്കേണ്ടിവരും. സ്വന്തം ജീവിതത്തിൽത്തന്നെ ഇതെല്ലാം ഉപേക്ഷിക്കേണ്ടി വരുമ്പോൾ പിന്നെ അതു ചെയ്യുന്നതുകൊണ്ട് എന്ത് ഫലമാണുള്ളത്? പശ്ചാത്താപത്തിലേക്ക് തിരിയുന്ന മനുഷ്യൻ മഹാഭാഗ്യവാനാണ്. അവനിൽ ആദ്യം ഇഖ്ലാഅ് അഥവാ ഉപേക്ഷിക്കണമെന്ന ചിന്തയുണ്ടാവണം. അതായത് ദുഃസ്വഭാവത്തിന് കാരണമാകുന്ന ചിന്താഗതികളെയെല്ലാം മുരടോടെ നശിപ്പിക്കുക. ഈ മാലിന്യവും അശുദ്ധിയും പുറത്തുപോയാൽ പിന്നീട് താൻ ചെയ്തതിൽ ലജ്ജിക്കുന്നവനുമാകണം.

മൂന്നാമത്തെ നിബന്ധന ദൃഢനിശ്ചയമാണ്. ഇനിയൊരിക്കലും ആ തിന്മകൾ ചെയ്യുകയില്ലെന്ന് ഉറച്ച തീരുമാനം എടുക്കുക. അത് പതിവായി പാലിക്കുമ്പോൾ അല്ലാഹുവിൽനിന്ന് സത്യസന്ധമായ തൗബചെയ്യാൻ ഭാഗ്യം നല്കുന്നതാണ്. എത്രത്തോളമെന്നാൽ ആ പാപങ്ങളെല്ലാം അവനിൽനിന്ന് മാഞ്ഞുപോയി സൽസ്വഭാവങ്ങളും സ്തുത്യർഹമായ പ്രവർത്തികളും ആ സ്ഥലം കരസ്ഥമാക്കുന്നതാണ്. ഇത് സൽസ്വഭാവങ്ങളുടെമേലുള്ള വിജയമാണ്. അതിൽ ശക്തിയും കഴിവും ഉണ്ടാക്കുക എന്നത് അല്ലാഹുവിന്റെ പ്രവൃത്തിയാണ്. കാരണം എല്ലാ ശക്തികളുടേയും കഴിവുകളുടേയും അധികാരി അവനാണ്. അന്നൽ ഖുവ്വത്ത ലില്ലാഹി ജമീഅ(2:166) സകല ശക്തിയും അല്ലാഹുവിനാകുന്നു എന്നു പറഞ്ഞതുപോലെ. മനുഷ്യൻ ദുർബലനും ബലഹീനനുമാണ്. ഖുലിഖൽ ഇൻസാനു ളഈഫാ(4:29)മനുഷ്യൻ ദുർബലനായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. അവന്റെ പരമാർഥം അതാണ്. അതുകൊണ്ട് അല്ലാഹുവിൽനിന്ന് ശക്തി ആർജിക്കാൻ മുകളിൽ പറഞ്ഞ എല്ലാ കാര്യങ്ങളും പൂർത്തിയാക്കി മനുഷ്യൻ മടിയും അലസതയും കൈവെടിയണം. എപ്പോഴും സന്നദ്ധനായി അല്ലാഹുവിനോട് ദുആ ചെയ്യണം. അല്ലാഹു സ്വഭാവമാറ്റം വരുത്തുന്നതാണ്.'(മൽഫൂദാത്ത് വാല്യം 1 പേജ് 138-140 1984 ലണ്ടൻ പതിപ്പ്)

ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാർഗനിർദേശങ്ങളാണ്. തങ്ങൾ ഇന്ന ദുഷ്കർമങ്ങളിൽനിന്ന് രക്ഷപ്പെടാൻ ദുആ ചെയ്തു, പക്ഷേ, ആ ദുഷ്കർമം തങ്ങളിൽനിന്ന് അകന്നില്ല, അല്ലാഹു ഞങ്ങളുടെ ദുആ സ്വീകരിച്ചില്ല എന്നപറയുന്നവരും എപ്പോഴും ഇത് ഓർക്കേണ്ടതാണ്. കുട്ടികളിൽ അല്ലെങ്കിൽ ചില യുവാക്കളിൽ തെറ്റായ ശീലങ്ങൾ ഉണ്ടാകുമ്പോൾ മാതാപിതാക്കൾ വിഷമിക്കാറുണ്ട്. തങ്ങൾ പരിശ്രമിച്ചുവെന്നും ദുആ ചെയ്തുവെന്നും സ്വീകരിക്കപ്പെട്ടില്ലെന്നും അവർ പറയുന്നു. ഇക്കാര്യം തെറ്റാണ്. അവർക്ക് ഞാൻ എളുപ്പമായ രീതിയിൽ വീണ്ടും മനസ്സിലാക്കിക്കൊടുക്കാം. ദുആ സ്വീകരിക്കുന്നതിനും നിർബന്ധമായി ചെയ്യേണ്ട ചില കാര്യങ്ങളുണ്ട്. അത് പൂർത്തിയാക്കേണ്ടത് നിർബന്ധമാണ്. നാലു ദിവസം ദുആ ചെയ്തിട്ട് അല്ലാഹു ദുആ സ്വീകരിച്ചില്ല എന്ന് പറയുന്നത് തന്റെ അനർഹത അല്ലാഹുവിന്റെമേൽ അടിച്ചേല്പിക്കുന്ന കാര്യമാണ്.

എന്തായാലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികൾ ഞാൻ വായിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ തിന്മയെ എങ്ങനെ തടയണം പശ്ചാത്താപം എങ്ങനെ ലഭ്യമാകും എന്നതിനെക്കുറിച്ചാണ് ഞാൻ ഇപ്പോൾ പറയാൻ ആഗ്രഹിക്കുന്നത്. തൗബ ചെയ്യുന്നതിനും തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതിനും അനിവാര്യമായ ചില കാര്യങ്ങളും കർമങ്ങളും അധ്വാനങ്ങളും രീതികളുമുണ്ടെന്നും അതനുസരിച്ച് പ്രവർത്തിക്കേണ്ടത് നിർബന്ധമാണെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുകയുണ്ടായി. അവ ചെയ്യുകയാണെങ്കിൽ ഫലമുണ്ടാകും. കുറച്ചു കർമപരമായ നടപടികൾ സ്വീകരിക്കുമ്പോഴാണ് ദോഷങ്ങളിൽനിന്ന് രക്ഷപ്പെടാൻ ചെയ്യുന്ന ദുആകളും സ്വീകരിക്കപ്പെടുന്നത്. കർമപരമായ നടപടികൾ ഒന്നും ചെയ്യാതെ സാധാരണ ഗതിയിൽ ദുആ ചെയ്തിട്ട് അല്ലാഹു അത് സ്വീകരിച്ചിട്ടില്ല, ഒരുപക്ഷേ താൻ പാപിയായിത്തന്നെ ഇരിക്കുന്നതായിരിക്കും അവനിഷ്ടം എന്നു പറയുന്നത് തെറ്റാണ്. ദുഷ്കർമങ്ങളേയും ദുസ്വഭാവത്തേയും നല്ലതാക്കിത്തീർക്കണമെങ്കിൽ ആദ്യം മൂന്നുകാര്യങ്ങൾ മനുഷ്യൻ സ്വയം ചെയ്തിട്ട് ദുആ ചെയ്യണം എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു. അപ്പോഴാണ് താൻ ചെയ്ത ദുആ സഹായിയായിത്തീരുന്നത്. അപ്പോഴാണ് തിന്മകൾ അകലുന്നത്.

സത്യസന്ധമായ പശ്ചാത്താപത്തിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: ഒന്നാമത്തെ കാര്യം മലീമസവും അശുദ്ധവുമായ ചിന്താഗതികളിൽനിന്ന് സ്വന്തം മനസ്സിനെ വൃത്തിയാക്കുക എന്നതാണ്. ഏതെങ്കിലും തിന്മയുടെ സങ്കല്പത്തിലൂടെയുള്ള ആസ്വാദനമാണ് ആദ്യം മനസ്സിലുണ്ടാകുക. അപ്പോഴാണ് മനുഷ്യൻ ആ തിന്മ ചെയ്യുന്നത്. മനസ്സിൽ തിന്മയുടെ ആസ്വാദനത്തിന്റെ സങ്കല്പം ഇല്ലാതിരിക്കുകയും അതിനോട് വെറുപ്പുണ്ടാകുകയും ചെയ്താൽ അവൻ ഒരിക്കലും തിന്മ ചെയ്യുകയില്ല. ആദ്യമുണ്ടാകുന്നത് സങ്കല്പത്തിലൂടെയുള്ള ആസ്വാദനമാണ്, ബോധമാണ്. പിന്നീട് ആ തിന്മചെയ്യാൻ തല്പരനാകുന്നു. അതുകൊണ്ട് തിന്മയിൽനിന്ന് രക്ഷപ്പെടാൻ ആദ്യമായി നടപടി സ്വീകരിക്കണം. തന്റെ മനസ്സിനെ ചീത്ത സങ്കല്പങ്ങളിൽനിന്ന് അല്ലെങ്കിൽ താല്കാലികമായ ആനന്ദങ്ങളിൽനിന്ന് പരിശുദ്ധമാക്കണം. അതിന്റെ ഉദാഹരണം ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞുതന്നു: ഏതെങ്കിലും സ്ത്രീയോട് അവിഹിതമായ ബന്ധമുണ്ടാകുന്നു. അങ്ങനെ സുഹൃത് ബന്ധം സ്ഥാപിക്കപ്പെടുന്നു. അത്തരം സ്ത്രീയെ കുറിച്ചുള്ള സൽഭാവന മനസ്സിൽ നിലനിറുത്തുന്നതിനു പകരം അവളെ വിരൂപയായി സങ്കല്പിക്കണം. അവളുടെ സൗന്ദര്യവും ഗുണങ്ങളും നോക്കുന്നതിനുപകരം അവളെ എങ്ങനെയൊക്കെ വിരൂപയായി സങ്കല്പിക്കാൻ കഴിയുമോ ആ രീതിയിലൊക്കെ സങ്കല്പിക്കേണ്ടതാണ്. അവളുടെ ദോഷകരമായിട്ടുള്ള ചീത്ത സ്വഭാവങ്ങൾ മുന്നിൽ കൊണ്ടുവരിക. അവളോട് വെറുപ്പ് ഉളവാക്കുന്ന രൂപം മനസ്സിൽ കൊണ്ടുവരിക. എന്നാൽ, മാത്രമേ ഈ തിന്മയിൽനിന്ന് നിങ്ങൾക്ക് അകലാൻ കഴിയുകയുള്ളു. രണ്ടാമത്തെ നിബന്ധന പറഞ്ഞത് നിങ്ങളുടെ നല്ലബുദ്ധിയെ ഉണർത്തുകയും താൻ ഏതു തരത്തിലുള്ള തിന്മയിലാണ് അകപ്പെട്ടിട്ടുള്ളതെന്ന് ചിന്തിക്കുകയും ചെയ്യുക എന്നതാണ്. സ്വന്തം അവസ്ഥ ഓർത്ത് ലജ്ജിക്കുക. ഈ അവസ്ഥ ഉണ്ടായാൽ തിന്മകളിൽനിന്ന് രക്ഷപ്പെടുന്നതാണ്. മൂന്നാമത്തെ നിബന്ധന പറഞ്ഞത് ഉറച്ചതും ശക്തവുമായ തീരുമാനം എടുക്കുക എന്നതാണ്. അതായത് ആ തിന്മയുടെ അടുത്ത് പോകുകയേയില്ല എന്ന തീരുമാനത്തിൽ ഉറച്ചുനില്ക്കുക. ഈ തീരുമാനത്തിൽ ഉറച്ചുനില്ക്കാൻ എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുമ്പോൾ അല്ലാഹു സത്യസന്ധമായി പശ്ചാത്തപിക്കാൻ തൗഫീഖ് നല്കുന്നു. തിന്മയിൽനിന്ന് രക്ഷപ്പെടാൻ ചെയ്ത ദുആകൾ സ്വീകരിക്കപ്പെടുന്നു. ദുആകൾ സ്വീകരിക്കപ്പെടുന്നതിനു മുമ്പേ ഈ കർമങ്ങൾ ചെയ്യേണ്ടത് നിർബന്ധമാണ്. അല്ലാതെ രാവിലെ മുതൽ വൈകുന്നേരംവരേയും രാത്രിമുതൽ രാവിലെവരേയും തെറ്റായ പ്രവൃത്തികളിൽ മുഴുകുകയും തിന്മകളിൽ കുടുങ്ങിക്കിടക്കുകയും ചെയ്തിട്ട് ഏതെങ്കിലും നേരത്തോ സമയത്തോ എന്നെ ഈ തിന്മകളിൽനിന്ന് രക്ഷക്കണേ എന്ന് ദുആ ചെയ്യുകയല്ല വേണ്ടത്. ആ കർമങ്ങൾ വെളിവാക്കുന്നത് ദുആ ഗൗരവത്തോടെ ചെയ്യപ്പെട്ടില്ല എന്നാണ്. ആ സൽപ്രകൃതി-അതാണ് കോൺഷ്യൻസ്- അത് ഉള്ളിൽ

(ശേഷം പേജ് 7ൽ)

# ഖുത്ബ ജുമുഅ

മുസ്‌ലിം രാഷ്ട്രങ്ങളിലും ഭീകരവാദവും ഭീകരപ്രവർത്തനങ്ങളും വളരെ അധികമാണ്. ഇവിടെ ആക്രമണങ്ങളും നടന്നുകൊണ്ടിരിക്കുന്നു. ഭീകരവാദ സംഘങ്ങൾക്കും മുസ്‌ലിം രാജ്യങ്ങളിലെ രാജ്യദ്രോഹികൾക്കും ആയുധങ്ങൾ പാശ്ചാത്യരാജ്യങ്ങളിൽനിന്നാണ് ലഭിക്കുന്നതെന്നത് കാണാതിരുന്നുകൂടാ. തങ്ങളുടെ ലക്ഷ്യം നേടുന്നതിനും ഇസ്‌ലാമിന്നെതിരിലുള്ള പക പ്രകടിപ്പിക്കുന്നതിനും ചില ശക്തികൾ വലിയ തന്ത്രപൂർവം ഈ സംഘങ്ങളെ ഉണ്ടാക്കിയിട്ടുള്ളതാണ്. ഒരു ഭാഗത്ത് ഭരണകൂടങ്ങൾക്ക് ബാഹ്യവും രഹസ്യവുമായ സഹായം നല്കിക്കൊണ്ടിരിക്കുന്നു. മറുഭാഗത്ത് രാജദ്രോഹികൾക്കും ഇപ്രകാരംതന്നെ ഭീകരവാദ സംഘങ്ങൾക്കും ഏതെങ്കിലും മാർഗത്തിലൂടെ സഹായം എത്തിക്കുന്നു. ഈ സഹായമില്ലെങ്കിൽ ഒരു സംഘത്തിനും ഭരണകൂടത്തിനും ഇത്ര ദീർഘകാലം യുദ്ധം ചെയ്യാൻ സാധിക്കുകയില്ല.

ദൗർഭാഗ്യമെന്നു പറയട്ടെ, മുസ്‌ലീകൾക്ക് നഷ്ടമുണ്ടായപ്പോഴെല്ലാം മുസ്‌ലീംകളുടെ സ്വന്തം പ്രവൃത്തിയും ഗൂഢാലോചനകളും രാജദ്രോഹങ്ങളും പരസ്പരം അവകാശങ്ങൾ നല്കാത്തതും ജനങ്ങളുടേയും മതത്തിന്റേയും മേൽ സ്വന്തം നേട്ടങ്ങൾക്ക് മുൻഗണന നലകിയതുകൊണ്ടുമാണ് ഉണ്ടായിട്ടുള്ളത്. ഇസ്‌ലാമികാധ്യപനങ്ങൾ മറക്കുകയും സ്വന്തം ലക്ഷ്യം അവഗണിക്കുകയും ചെയ്തതുകൊണ്ടാണ് ഉണ്ടായിട്ടുള്ളത്.

ഈയിടെയായി അൽജീരിയായിൽ ഈ അക്രമം വർധിച്ചുവരികയാണ്. പോലീസ് അഹ്മദികളെ അറസ്റ്റു ചെയ്തുകൊണ്ടിരിക്കുന്നു. കോടതികൾ തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് വിധി പുറപ്പെടുവിച്ച് അഹ്മദികളെ ജയിലിൽ അടച്ചുകൊണ്ടിരിക്കുന്നു. ചിലർക്ക് ഒരു വർഷം മുതൽ മൂന്നുവർഷംവരെ ജയിൽശിക്ഷ കിട്ടിയിരിക്കുന്നു. തങ്ങൾ ആഗതരകേണ്ട ഇമാമിനെ വിശ്വസിച്ചുവെന്നും അല്ലാഹുവും അവന്റെ റസൂലും തങ്ങളോടു വിശ്വസിക്കണമെന്ന് നിർദേശിച്ചതുകൊണ്ടാണ് തങ്ങൾ വിശ്വസിച്ചതെന്നും പറഞ്ഞതുകൊണ്ടു മാത്രമാണിത്.

ഈ അക്രമം ചെയ്തുകൊണ്ടിരിക്കുന്നവർ, ഇസ്‌ലാമിന്റെ പേരിലും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റെ പേരിലും അക്രമം ചെയ്തുകൊണ്ടിരിക്കുന്നവർ ഓർമിക്കുക, അല്ലാഹു മർദ്ദിതരെ കണ്ടുകൊണ്ടിരിക്കുന്നു. മർദ്ദിതരുടെ ദുആകൾ അല്ലാഹുവിന്റെ അർശിൽ എത്തിക്കൊണ്ടിരിക്കുന്നു. എത്തുന്നു. അവന്റെ കോടതി തീരുമാനിച്ചു കഴിഞ്ഞാൽ ഈ അക്രമികൾക്ക് ദുൻയാവും ഉണ്ടാകുകയില്ല. ആഖിറത്തും ഉണ്ടാകുകയില്ല. അതുകൊണ്ട് അവർ അല്ലാഹുവിന്റെ തഖ്ദീറിനേയും ഭയപ്പെടേണ്ടതാണ്.

ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ വ്യാപിപ്പിക്കുന്നതിനും ഇസ്‌ലാമിക കല്പനകളുടെ യുക്തി വിശദീകരിക്കുന്നതിനും തെളിവോടു കൂടിയ സംസാരമാണ് ആവശ്യം. അല്ലാതെ ഇക്കാലത്തെ നാമധാരികളായ പണ്ഡിതന്മാരോ ഭീകരവാദ സംഘങ്ങളോ ചെയ്തുകൊണ്ടിരിക്കുന്നതുപോലുള്ള പ്രവർത്തനമല്ല. വാളുകൊണ്ട് ഇസ്‌ലാം പ്രചരിപ്പിക്കുന്നതിന് അല്ലാഹു എവിടേയും കല്പിച്ചിട്ടില്ല.

നമ്മൾ തബ്‌ലീഗ് ചെയ്യുമ്പോഴും ഇസ്‌ലാമിന്റെ സമാധാനപരമായ അധ്യാപനം ലോകത്തിന് നൽകുമ്പോഴും ഇസ്‌ലാം വിരുദ്ധശക്തികൾ എപ്പോഴും നമുക്ക് നല്കുന്ന മറുപടി, നിങ്ങളിൽ സമാധാനം ഉണ്ടെന്നത് ശരിയാണെങ്കിലും ഭൂരിഭാഗം മുസ്‌ലിംകൾ നിങ്ങളെ മുസ്‌ലിംകളായി അംഗീകരിക്കാത്തതുകൊണ്ട് നിങ്ങൾക്ക് ഇസ്‌ലാമിന്റെ പ്രാതിനിധ്യം വഹിക്കാൻ സാധിക്കുകയില്ല എന്നാണ്. ഈ അവസ്ഥയിൽ നമുക്ക് കൂടുതൽ വെല്ലുവിളികൾ ഉണ്ടാകുന്നു. എല്ലാ അഹ്മദികളും ഇക്കാര്യത്തിൽ തങ്ങളുടെ ബാധ്യതകൾ മനസിലാക്കേണ്ട ആവശ്യമാണുള്ളത്. നമ്മുടെ പ്രവൃത്തികളെല്ലാം ഇസ്‌ലാമിന്റെ മാതൃകയായിരിക്കണം. തബ്‌ലീഗ് ചെയ്യുന്നില്ലെങ്കിൽപോലും അവരുടെ വാക്കും പ്രവൃത്തിയും ഇസ്‌ലാമിന്റെ സന്ദേശമെത്തിക്കുന്നവയായിരിക്കണം.

ഇസ്‌ലാമിക അധ്യാപനങ്ങളുടെ യാഥാർഥ്യം ഇവരിൽ അധികം പേർക്കും അറിയില്ല എന്നതാണ് വാസ്തവം. അതുകൊണ്ട് അംഗങ്ങൾ കൂടുതലുള്ള ജമഅത്തുകളിലെല്ലാം തങ്ങളുടെ പരമ്പരാഗതമായി നടന്നുവരുന്ന തബ്‌ലീഗ് പരിപാടികളോടൊപ്പം ഇസ്‌ലാമിന്റെ ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശം സ്വാധീനമുണ്ടാക്കുംവിധം എത്തിക്കാനുള്ള പദ്ധതികളും ആസൂത്രണം ചെയ്യേണ്ടതാണ്. ഇസ്‌ലാം വിരുദ്ധ ശക്തികൾ ശക്തിപ്രാപിച്ചുവരുന്ന രാജ്യങ്ങളിൽ അവരുടെ ശക്തിയെ തകർക്കുന്നതിന് സംഘടിതമായ നിലയിൽ ആർക്കെങ്കിലും കഴിയുമെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്തിന് മാത്രമാണ്. മറ്റു മുസ്‌ലിംകൾക്ക് ഇസ്‌ലാമിന്റെ സൗന്ദര്യത്തെ പ്രകടമാക്കാനോ അതിന്റെ സന്ദേശത്തെ എത്തിക്കാനോ സാധ്യമല്ല. അവരിൽ അത്തരം സംഘടനയോ, അറിവോ ഇല്ല. ഈ ജോലി ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ചേർന്ന് നില്ക്കുന്നവർ മുഖേനയാണ് വിധിക്കപ്പെട്ടിട്ടുള്ളത്.

അതുകൊണ്ട് ഇക്കാര്യത്തിന്റെ പ്രാധാന്യം നമ്മൾ മനസിലാക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഇസ്‌ലാമിന്റെ സംരക്ഷണത്തിനും സത്യം പ്രകടിപ്പിക്കുന്നതിനും വേണ്ടിയുള്ള ഒന്നാമത്തെവശം നിങ്ങൾ യഥാർഥ മുസൽമാന്റെ മാതൃക കാണിക്കുക എന്നതാണ്. രണ്ടാമത്തെ വശം അതിന്റെ വിശേഷഗുണങ്ങളും കഴിവുകളും ലോകത്ത് പ്രചരിപ്പിക്കുക എന്നതാണ്.

അതനുസരിച്ച് ജീവിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. സത്യവാനായ മുസ്‌ലിമിന്റെ മാതൃകയായിത്തീരട്ടെ. എല്ലാ എതിർപ്പുകളും നിലനില്ക്കെ ഇസ്‌ലാമിന്റെ വിശേഷ ഗുണങ്ങളും കഴിവുകളും ലോകത്ത് പരത്തുന്നവരായിത്തീരട്ടെ. യഥാർഥ ഇസ്‌ലാമിന്റെ സംരക്ഷകരിലും സത്യം പ്രകടിപ്പിക്കുന്നവരിലും നമ്മളിൽ എല്ലാ ഓരോരുത്തരും ആയിത്തീരട്ടെ.

മൗലാനാ ഹക്കീം മുഹമ്മദുദ്ദീൻ സാഹിബ് (ഖാദിയാൻ), ഫള്ൽ ഇലാഹീ അൻവരി സാഹിബ് (ജർമനി) ഇബ് റാഹീം ബിൻ അബ്ദുല്ലാഹ് ഗസൂൽ സാഹിബ്(മൊറാക്കോ) തുടങ്ങിയവരെ കുറിച്ചുള്ള അനുസ്മരണവും ഗാഇബ് ജനാസ നമസ്കാരവും

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്

ജുമുഅ ഖുത്ബ 17-03-2017/1396 അമാൻ 17
മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللهِ مِنَ الشَّيْطٰنِ الرَّجِيمِ ۔ بِسْمِ اللهِ الرَّحْمٰنِ الرَّحِيمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۔ اَلرَّحْمٰنِ الرَّحِيْمِ ۔ مٰلِكِ يَوْمِ الدِّيْنِ ۔ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۔
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۔ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۔

പാശ്ചാത്യ വികസ്വര ലോകത്ത് Far-rights എന്നു പറയുന്ന വലതുപക്ഷ രാഷ്ട്രീയ സംഘനകളുടെ അല്ലെങ്കിൽ വംശീയ വാദികളും യാഥാസ്ഥിതികരുമായ രാഷ്ട്രീക്കാരുടെയും പാർട്ടികളുടെയും സ്വീകരണം വൻതോതിൽ വർധിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ പ്രാധാന്യം വർധിച്ചുകൊണ്ടുപോകുകയാണ്. നിരീക്ഷകരും ഇതുസംബന്ധമായി ധാരാളം എഴുതുന്നുണ്ട്. വലതുപക്ഷ ഭരണകൂടങ്ങൾ എന്നു പറയപ്പെടുന്ന നിലവിലുള്ള ഭരണ കൂടങ്ങൾ അത്രയധികം കർശനമല്ല. അവരുടെ എമിഗ്രേഷൻ പോളിസികൾ കാരണത്താലാണ് ഇതെല്ലാം സംഭവിച്ചുകൊണ്ടിരിക്കുന്നത്. അതിനുപുറമേയും കുറച്ചു കാരണങ്ങളുണ്ട്. പക്ഷേ, ഈ എല്ലാ കാര്യങ്ങളുടേയും ചരട് വന്ന് പൊട്ടുന്നത് മുസ്‌ലീംകളിലാണ്. അതായത് ഈ രാജ്യങ്ങളിൽ വരുന്നതിൽനിന്ന് മുസ്‌ലീംകളെ വിലക്കണം. അവരെ തടയേണ്ടതാണെന്ന്! കാരണം ഇവർ തങ്ങളുമായി ഇടപഴകുകയില്ല. വേറിട്ടാണിരിക്കുക. തങ്ങളുടെ മതം അനുസരിച്ച്-അവരുടെ ചിന്താഗതി അനുസരിച്ച് ഇസ്‌ലാം ഭീകരവാദത്തിന്റെ മതമാണല്ലോ-പ്രവർത്തിക്കുന്നു. അവർക്ക് ഇവിടെ വന്ന് തങ്ങളോടൊപ്പം കഴിയണമെങ്കിൽ അവരുടെ മതത്തേയും പാരമ്പര്യങ്ങളേയും ഉപേക്ഷിച്ച് തങ്ങളുടേതായ മാർഗങ്ങളും തങ്ങളുടെ താമസവും സ്വായത്തമാക്കേണ്ടിവരുമെന്നും പറയുന്നു. ഇങ്ങനെ ചെയ്യുന്നില്ലെങ്കിൽ അതിന്റെ അർഥം തങ്ങളുമായി ഇടപഴകാൻ ആഗ്രഹിക്കുന്നില്ല എന്നാണ്. തങ്ങളുടെ ഏപപക്ഷീയതയും മതപരമായ നിലയും നലനിറുത്തുന്നുവെങ്കിൽ അല്ലെങ്കിൽ നിലനിറുത്താനാഗ്രഹിക്കുന്നുവെങ്കിൽ അതിന്റെ അർഥം തങ്ങളുടെ രാജ്യത്തിന് ഭീഷണിയാകാനിടയുണ്ടെന്നാണ്. വിസ്മയമുളവാക്കുന്ന വിഡ്ഢിത്തപരമായ കാര്യങ്ങളാണിത്. അതായത് മുസ് ലീംകളുടെ മസ്ജിദിന്റെ മിനാർ തങ്ങൾക്ക് ഭീഷണിയാണ്. അവരുടെ സ്ത്രീകളുടെ പർദ

തങ്ങൾക്ക് ഭീഷണിയാണ്. അവരുടെ സ്ത്രീകൾ അന്യപുരുഷന്മാർക്ക് ഹസ്തദാനം ചെയ്യാത്തത് തങ്ങൾക്ക് ഭീഷണിയാണ്. പുരുഷന്മാർ അന്യസ്ത്രീകൾക്ക് ഹസ്തദാനം ചെയ്യാത്തത് തങ്ങൾക്ക് ഭീഷണിയാണ്. ഇവിടെ യൂ.കെ യിൽ ഒന്നോ ഒറ്റയോ രാഷ്ട്രീയക്കാരെ ഇത്തരത്തിൽ സംസാരിക്കുന്നത് കാണുകയുള്ളു. പക്ഷേ, മറ്റു രാഷ്ട്രങ്ങളിൽ ഇക്കാര്യത്തിൽ കോലഹലമാണ് നടക്കുന്നത്. ഇതിനെക്കുറിച്ച് നിത്യവും രാഷ്ട്രീയക്കാരുടെ പ്രസ്താവനകൾ വന്നുകൊണ്ടിരിക്കുന്നു. മുസ്‌ലിം രാജ്യങ്ങളിൽ ഭീകരതയും നിയമമില്ലായ്മയും അതിന്റെ പാരമ്യതിയിലെത്തിയിരിക്കുന്നതുതന്നെ മുസ്‌ലീംകൾ തങ്ങൾക്ക് ഭീഷണിയാണെന്നതിന് മതിയായ തെളിവാണെന്ന് പറയുകയും ചെയ്യുന്നു. ഇവിടെ തങ്ങളുടെ രാജ്യങ്ങളിലും ഭീകരവാദ ആക്രമണം മുസ്‌ലീംകളിൽനിന്നാണ് അധികവും ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്നും അവർ സ്ഥാപിക്കുന്നു.

അവരുടെ ബാക്കി കാര്യങ്ങളെല്ലാം ഇസ്‌ലാം വിരുദ്ധമാണ്. പക്ഷേ, ദൗർഭാഗ്യവശാൽ മുസ്‌ലിം രാജ്യങ്ങളിൽ ഭീകരവാദ പ്രവർത്തനങ്ങൾ നക്കുന്നുവെന്നതും ഇവിടെ ആക്രമണങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നതും ശരിയായ കാര്യമാണ്. ഈ ആക്ഷേപവും മുസ്‌ലീംകൾതന്നെയാണ് അവരുടെ കൈയിൽ കൊടുത്തിരിക്കുന്നത്. ഞാൻ പറഞ്ഞതുപോലെ മുസ്‌ലിം രാഷ്ട്രങ്ങളിലും ഭീകരവാദവും ഭീകരപ്രവർത്തനങ്ങളും വളരെ അധികമാണ്. ഇവിടെ ആക്രമണങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

ഭീകരവാദ സംഘങ്ങൾക്കും മുസ്‌ലിം രാജ്യങ്ങളിലെ രാജ്യദ്രോഹികൾക്കും ആയുധങ്ങൾ പാശ്ചാത്യരാജ്യങ്ങളിൽനിന്നാണ് ലഭിക്കുന്നതെന്നത് കാണാതിരുന്നുകൂടാ. തങ്ങളുടെ ലക്ഷ്യം നേടുന്നതിനും ഇസ്‌ലാമിന്നെതിരിലുള്ള പക പ്രകടിപ്പിക്കുന്നതിനും ചില ശക്തികൾ വലിയ തന്ത്രപൂർവം ഈ സംഘങ്ങളെ ഉണ്ടാക്കിയിട്ടുള്ളതാണ്. ഒരു ഭാഗത്ത് ഭരണകൂടങ്ങൾക്ക് ബാഹ്യവും രഹസ്യവുമായ സഹായം നല്കിക്കൊണ്ടിരിക്കുന്നു. മറുഭാഗത്ത് രാജദ്രോഹികൾക്കും ഇപ്രകാരംതന്നെ ഭീകരവാദ സംഘങ്ങൾക്കും ഏതെങ്കിലും മാർഗത്തിലൂടെ സഹായം എത്തിക്കുന്നു. ഈ സഹായമില്ലെങ്കിൽ ഒരു സംഘത്തിനും ഭരണകൂടത്തിനും ഇത്ര ദീർഘകാലം യുദ്ധം ചെയ്യാൻ സാധിക്കുകയില്ല.

ദൗർഭാഗ്യമെന്നു പറയട്ടെ, മുസ്‌ലീകൾക്ക് നഷ്മുണ്ടായപ്പോഴെല്ലാം മുസ്‌ലീംകളുടെ സ്വന്തം പ്രവൃത്തിയും ഗൂഢാലോചനകളും രാജദ്രോഹങ്ങളും പരസ്പരം അവകാശങ്ങൾ നല്കാത്തതും ജനങ്ങളുടേയും മതത്തിന്റേയും മേൽ സ്വന്തം നേട്ടങ്ങൾക്ക് മുൻഗണന നല്കിയതുകൊണ്ടുമാണ് ഉണ്ടായിട്ടുള്ളത്. ഇസ്‌ലാമികാധ്യപനങ്ങൾ മറക്കുകയും സ്വന്തം ലക്ഷ്യം അവഗണിക്കുകയും ചെയ്തതുകൊണ്ടാണ് ഉണ്ടയിട്ടുള്ളത്. തങ്ങളുടെ ആത്മീയമായ അവസ്ഥ മെച്ചപ്പെടുത്തുന്നതിനും അല്ലാഹുവിനേയും അവന്റെ റസൂലിനേയും പിൻപറ്റുന്നതിനും പകരം ലോകത്തിനോടുള്ള ആർത്തിയും ഭൗതികമായ പ്രതാപവും ഭരണകർത്താക്കളുടേയും രാഷ്ട്രീയക്കാരുടേയും മതപണ്ഡിതന്മാരുടേയും ലക്ഷ്യങ്ങളായിരിക്കുന്നു. കാലത്തിന്റെ അവസ്ഥ നോക്കിക്കൊണ്ടും അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ മുന്നിൽവച്ചുകൊണ്ടും ഈ അവസ്ഥകളുടെ തേട്ടങ്ങളിൽ ചിന്തിച്ചും നോക്കിയും, അത്തരം അവസ്ഥകളിൽ ഈമാൻ സുറയ്യ നക്ഷത്രത്തിൽനിന്ന് താഴ്ത്തിക്കൊണ്ടുവരികയും ഇസ്‌ലാമിന്റെ നിർമാണത്തേയും മുസ്‌ലീംകളുടെ ഈമാനിനേയും വീണ്ടും സ്ഥാപിക്കുകയും ചെയ്യുന്ന അല്ലാഹു ആദ്യമെ പറഞ്ഞ ആ വ്യക്തിയെ അന്വേഷിക്കുന്നതിനു പകരം മതത്തിന്റെ മറവിൽ ഉമ്മത്തിനെ കൂടുതൽ അന്ധകാരത്തിന്റെ അഗാധമായ കുഴികളിൽ തള്ളിയിടുന്നതിലാണ് ഉലമ തങ്ങളുടെ പങ്കുവഹിച്ചുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ഇക്കൂട്ടർ കൂസലില്ലാത്തവർ ആയിക്കഴിഞ്ഞിരിക്കുന്നു. എന്നല്ല അല്ലാഹു അയച്ചിട്ടുള്ള ആളെ എതിർക്കുന്നതിൽ എത്രമാത്രം അതിരുകടന്നിരിക്കുന്നുവെന്നാൽ ലോകത്തെ എല്ലാ മുസ്‌ലിം രാഷ്ട്രങ്ങളിലും എന്നല്ല അമുസ്‌ലീംകളിലും ചെന്നിട്ട് അദ്ദേഹത്തിന്നെതിരിൽ പകയുടേയും വിദ്വേഷത്തിന്റേയും ശത്രുതയുടേയും എല്ലാ അതിരുകളും ലംഘിച്ചിരിക്കുന്നു. എന്നല്ല അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് അയച്ച ആളെ വിശ്വസിക്കുന്നവരേയും അക്രമത്തിനും കയ്യേറ്റത്തിനും വിധേയമാക്കിക്കൊണ്ടിരിക്കുന്നു. പാക്കിസ്താനിൽ നിയമത്തിന്റെ മറവിൽ ഈ അക്രമത്തിന്റേയും കയ്യേറ്റത്തിന്റേയും ചന്ത ചൂടുപിടിച്ചിരിക്കുകയാണ്. അവിടെ പല വർഷങ്ങളായി, പല ദശാബ്ദങ്ങളായി ഇതു നടന്നുകൊണ്ടിരിക്കുകയാണ്. മറ്റു ചില മുസ്‌ലിം രാഷ്ട്രങ്ങളിലും മുല്ലമാരെ ഭയന്നും അക്രമികളായ ഓഫീസർമാർ കാരണത്താലും അഹ്മദികൾ ബുദ്ധിമുട്ടുകൾക്കിരയാണ്. ഇരയായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. അല്ലെങ്കിൽ അവർക്ക് ബുദ്ധിമുട്ടുകളിലൂടെ കടക്കേണ്ടി വന്നു. ചിലയിടങ്ങളിൽ ഇപ്പോൾ മറ്റുസ്ഥലങ്ങളെ അപേക്ഷിച്ച് അവസ്ഥകൾ നന്നായി വന്നുകൊണ്ടിരിക്കുന്നുമുണ്ട്. അല്ലാഹു കൃപ ചൊരിയുമാറാകട്ടെ. എപ്പോഴും ചൊരിഞ്ഞുകൊണ്ടിരിക്കുമാറാകട്ടെ. അഹ്മദി സുരക്ഷിതരായിരിക്കുമാറാകട്ടെ. ഈയിടെയായി അൽജീരിയയിൽ ഈ അക്രമം വർധിച്ചുവരികയാണ്. പോലീസ് അഹ്മദികളെ അറസ്റ്റു ചെയ്തുകൊണ്ടിരിക്കുന്നു. കോടതികൾ തങ്ങളുടെ ഇഷ്ടത്തിനനുസരിച്ച് വിധി പുറപ്പെടുവിച്ച് അഹ്മദികളെ ജയിലിൽ അടച്ചുകൊണ്ടിരിക്കുന്നു. ചിലർക്ക് ഒരു വർഷം മുതൽ മൂന്നു വർഷംവരെ ജയിൽശിക്ഷ കിട്ടിയിരിക്കുന്നു. തങ്ങൾ ആഗതരകേണ്ട ഇമാമിനെ വിശ്വസിച്ചുവെന്നും അല്ലാഹുവും അവന്റെ റസൂലും തങ്ങളോടു വിശ്വസിക്കണമെന്ന് നിർദേശിച്ചതുകൊണ്ടാണ് തങ്ങൾ വിശ്വസിച്ചതെന്നും പറഞ്ഞതുകൊണ്ടു മാത്രമാണിത്. ഇവർ ജയിലുകളിലാണ്. ആർക്കൊക്കെയാണോ ശിക്ഷ നല്കപ്പെട്ടിട്ടുള്ളത്, അല്ലെങ്കിൽ ആരൊക്കെയാണ് ശിക്ഷ പ്രതീക്ഷിച്ചിരിക്കുന്നത്, പോലീസ് കസ്റ്റഡിയിലുള്ളത് അല്ലെങ്കിൽ ആരെയൊക്കെയാണോ അറസ്റ്റു ചെയ്തിട്ടുള്ളത് അവരുടെ സംഖ്യയും ഇരുനൂറിലധികമാണ്. എല്ലാവരും ഈ അക്രമങ്ങളൊക്കെ ഉണ്ടായിട്ടും, തങ്ങളിൽ എന്തൊക്കെ അക്രമമുണ്ടായാലും തങ്ങൾ ഈമാനിൽനിന്ന് പിന്നാക്കം പോകുകയില്ലെന്ന കാര്യം പ്രകടിപ്പിച്ചു കഴിഞ്ഞിരിക്കുന്നു.

അതിനാൽ അഹ്മദികൾ, തങ്ങൾ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും എല്ലാ ഓരോ കാര്യത്തിനും മുൻഗണന നല്കുമെന്ന് പ്രഖ്യാപിക്കുമ്പോൾ, മറ്റുള്ള എല്ലാ കാര്യങ്ങളെക്കാളും മുൻഗണന നല്കുമെന്ന് വിളംബരം ചെയ്യുമ്പോൾ അതിനുവേണ്ടി വലുതിൽ വലുതായ ഏതു ത്യാഗവും ചെയ്യേണ്ടിവന്നാൽ ചെയ്യുമെന്ന് പറയുമ്പോൾ അവന്റെ ഈമാനെ ആർക്കും ഇളക്കാൻ കഴിയുകയില്ല. പക്ഷേ, ഈ അക്രമം ചെയ്തുകൊണ്ടിരിക്കുന്നവർ, ഇസ്‌ലാമിന്റെ പേരിലും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റെ പേരിലും അക്രമം ചെയ്തുകൊണ്ടിരിക്കുന്നവർ ഓർമിക്കുക, അല്ലാഹു മർദ്ദിതരെ കണ്ടുകൊണ്ടിരിക്കുന്നു. മർദ്ദിതരുടെ ദുആകൾ അല്ലാഹുവിന്റെ അർശിൽ എത്തിക്കൊണ്ടിരിക്കുന്നു. എത്തുന്നു. അവന്റെ കോടതി തീരുമാനിച്ചു കഴിഞ്ഞാൽ ഈ അക്രമികൾക്ക് ദുൻയാവും ഉണ്ടാകുകയില്ല, ആഖിറത്തും ഉണ്ടാകുകയില്ല. അതുകൊണ്ട് അവർ അല്ലാഹുവിന്റെ തഖ്ദീറിനേയും ഭയപ്പെടേണ്ടതാണ്. അഹ്മദികളുടെമേൽ അക്രമം അഴിച്ചുവിടുന്നതിനുപകരം സ്വന്തം അവസ്ഥകൾ നോക്കുക. ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾക്ക് ചീത്തപേരുണ്ടാക്കാൻ നിമിത്തമാകുന്ന ഇക്കൂട്ടർ, ഇങ്ങനെയൊരു ജീവിതമാണോ അല്ലാഹു അവരുടെ ജീവിതത്തിന്റെ ലക്ഷ്യമായി പറഞ്ഞിരുന്നതെന്ന് നോക്കുക.

ഈ ഉലമാ ഇസ്‌ലാമിനുവേണ്ടി വേദനിക്കുന്നവരായിരുന്നെങ്കിൽ -അവരുടെ ഫത്‌വയുടെ പിന്നാലെയാണ് ഭരണാധികാരികളും മറ്റു കോടതികളിലെ ന്യായാധിപന്മാരും ജഡ്ജിമാരും നടക്കുന്നത്-നാലുഭാഗത്തുനിന്നും ഇസ്‌ലാമിന്റെ മേൽ ആക്ഷേപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇത്തരം അവസ്ഥയിൽ എല്ലാ ഉലമായും ഒന്നു ചേർന്നുകൊണ്ട് ഇസ്‌ലാം മുഴുലോകത്തും പരക്കുമെന്നാണ് അല്ലാഹുവിന്റെ വാഗ്ദാനം പക്ഷേ, ഇവിടെ അതിനുവിരുദ്ധമായി ഇസ്‌ലാം ദുഷ്പേരിന് കാരണമാകുന്നതെന്തുകൊണ്ട് എന്ന് ചിന്തിക്കുമായിരുന്നു. ഭീകരവാദികളുടേയും ഭീകരവാദ സംഘടനകളുടേയും പ്രവർത്തനം കൊണ്ടാണോ ഇസ്‌ലാമിനു വിജയമുണ്ടാകുന്നത്? കൊലയും കൊള്ളയും നടത്തി ഇസ്‌ലാം പ്രചരിപ്പിക്കാനാണോ അല്ലാഹു പറഞ്ഞത്? ഇസ്‌ലാമിനെ പ്രചരിപ്പിക്കാൻ അതിന്റെ കൈയിൽ പ്രമാണങ്ങളും തെളിവുകളുമില്ലേ? കേവലം ആയുധങ്ങൾകൊണ്ട് മറ്റു മതങ്ങളിലെ നിരപരാധികളായ ആളുകളേയും കുട്ടികളേയും സ്ത്രീകളേയും വൃദ്ധരേയും എതിർകക്ഷിയിൽപ്പെട്ടവരേയും കൊന്നൊടുക്കിക്കൊണ്ടാണോ ഇസ്‌ലാമിന് സേവനം ചെയ്യേണ്ടത്? ഇതാണ് അവരുടെ ചിന്താഗതിയെങ്കിൽ -ഭൂരിഭാഗം ഉലമാഇന്റേയും അക്രമപരമായപ്രവർത്തനം ഇതാണ് അവരുടെ ചിന്താഗതിയെന്ന് വിളിച്ചോതുന്നതാണ്-ഇക്കൂട്ടരാണ് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളെ ധിക്കരിക്കുന്നവർ. അവർക്കെന്തായാലും വിജയം കിട്ടാൻപോകുന്നില്ല. അത്തരം പ്രവൃത്തികൾ അല്ലാഹുവിന്റെ ശിക്ഷയ്ക്ക് തീർച്ചയായും പാത്രമാക്കുന്നതാണ്. അഹ്മദികളുടെമേൽ അക്രമം ചെയ്തും ഇസ്‌ലാമിന്റെ പേരിൽ തെറ്റായ പ്രവൃത്തിചെയ്തും തങ്ങളുടെ ഭരണകൂടത്തിന്റേയും ശക്തിയുടേയും വിജയമെന്ന മനസ്സിലാക്കുന്നവർ ഒരുനാൾ അല്ലാഹുവിന്റെ സന്നിധിയിലും ഹാജരാകേണ്ടി വരുമെന്ന് ഓർക്കേണ്ടതാണ്. ഈ അക്രമങ്ങൾക്കെല്ലാം അവിടെ മറുപടി നല്കേണ്ടിവരുന്നതാണ്.

മുസ്‌ലീംകളുടെ അവസ്ഥയും ഇപ്പോൾ അത്ഭുതകരമായിരിക്കുന്നു. ഒരു ഭാഗത്ത് നാമമാത്ര മൗലവിമാരുടെ വിഭാഗമാണ്. അല്ലെങ്കിൽ ഭീകരവാദക്കാരുടെ വിഭാഗമാണ്. ഇവരിൽ ഞാൻ പറഞ്ഞതുപോലെ എല്ലായിടത്തും ഇസ്‌ലാമിന്റെ പേരിൽ സ്വന്തക്കാരോടും അന്യരോടും കുഴപ്പങ്ങൾക്കെതിരിൽ കുഴപ്പങ്ങൾ നടമാടുന്നു. മറുഭാഗത്ത് ഇതിന്റെ പ്രതികരണമെന്ന നിലയിൽ അല്ലെങ്കിൽ പാശ്ചാത്യവും ഭൗതികവുമായ സ്വാധീനത്തിന് വിധേയരായ മതവുമായി ബന്ധമില്ലാത്തവരാണ്. ഇസ്‌ലാമികാധ്യാപനങ്ങളുടെ ഗുണ വിശേഷങ്ങൾ വിവരിക്കുന്നതിനുപകരം അതുമായി ബന്ധമില്ലാത്തവരാണ്. അല്ലെങ്കിൽ ഭയക്കുന്നവരാണ്. ചിലകാര്യങ്ങളിൽ ഇസ്‌ലാമികാധ്യാപനങ്ങളുടെ ഗുണ വിശേഷങ്ങൾ വിവരിക്കുന്നതിനുപകരം, ലൗകികരുടെ കാര്യങ്ങൾ തെറ്റാണെന്ന് പറയുന്നതിനുപകരം അവർപറയുന്നതിനെ തലകുലുക്കി സമ്മതിക്കുന്നു. ഇസ്‌ലാമികാധ്യാപനങ്ങൾ തെറ്റായി വിവരിക്കുകയും വിശദീകരണം നല്കുകയും ചെയ്യുന്നു. ഇതല്ല, അതാണ് ഇതിന്റെ ഉദ്ദേശ്യമെന്ന് പറയുന്നു. അല്ലാഹുവിനെഭയപ്പെടുന്നതിനെക്കാൾ അധികം ലോകത്തോടുള്ള ഭയമാണ് അവരിൽ മുന്തി നില്ക്കുന്നത്. ഇപ്രകാരംതന്നെ ദീനുമായി ഒരു ബന്ധവും ഇല്ലാത്തവരും മൗലവിമാരുമായി യോജിക്കാത്തവരുമാണെങ്കിൽത്തന്നെയും ചില രാഷ്ട്രീയക്കാരായ ഭരണാധികാരികൾ, മൗലവി ജനങ്ങളെ തങ്ങൾക്കെതിരെ ഇളക്കിവിട്ട് തങ്ങളുടെ കസേര മറിച്ചിടുമോ എന്ന ഭയവും ഭീരുത്വവും തങ്ങളുടെ ഭൗതികമായ ഉദ്ദേശ്യങ്ങളും കാരണത്താൽ നിശബ്ദരാണ്. അല്ലാഹു അയച്ച വ്യക്തിയെ നിഷേധിച്ചിട്ടുള്ള മുസ്‌ലീംകളിലെ എല്ലാ വിഭാഗവും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളിൽനിന്ന് വളരെ ദൂരപ്പോയിരിക്കുന്നു. അത് മത്തിന്റെപേരിൽ തങ്ങളുടെ കച്ചവടം മോടിപ്പിടിപ്പിക്കുന്ന മൗലവിയായാലും വേണ്ടില്ല! നഊദുബില്ലാഹ് മഹ്ദിയാണെന്നും മസീഹാണെന്നും വാദിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) കച്ചവടം നടത്തുകയാണെന്നാണ് ഇവർ ആക്ഷേപിക്കുന്നത്. പക്ഷേ, യഥാർഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ എതിർത്തുകൊണ്ട് ആ മഹാത്മാവിനെ തങ്ങളുടെ സുഗമമായ സമ്പാദനത്തിനും കച്ചവടം തിളക്കമാർന്നതാക്കുന്നതിനുമുള്ള മാർഗമാക്കിയിരിക്കുകയാണ്. തെളിവ് എന്തെങ്കിലും അവരുടെ പക്കലുണ്ടോ? അതൊട്ടില്ലതാനും! ഇക്കാരണത്താൽ അധികം തെറിപറയുന്നതാണ് കാണുന്നത്. എന്തായാലും മതത്തിന്റെ പേരിൽ ഈ വിഭാഗമാണ് കച്ചവടം നടത്തുന്നത്. അല്ലെങ്കിൽ ഭൗതിക നേട്ടത്തിനുവേണ്ടി മതത്തിന് രണ്ടാമത്തെ സ്ഥാനം നല്കുന്ന വിഭാഗമാണിത്. ഇവരെല്ലാം പേരിനുമാത്രം മുസ്‌ലീംകളാണ്. ഇസ്‌ലാമിന്റെ യഥാർഥ അധ്യാപനവുമായി ഇവർക്ക് ഒരു ബന്ധവുമില്ല.

ഇത്തരം പരിതഃസ്ഥിതിയിൽ അഹ്മദികൾ ചിന്തിക്കേണ്ടതാണ്, അവർ കാലത്തിന്റെ ഇമാമിനെ

വിശ്വസിച്ച സ്ഥിതിക്ക് അവരിൽ വളരെ വലിയ ചുമതലകളാണ് ഉണ്ടായിട്ടുള്ളത്. എതിരാളികൾ അവരുടെമേൽ എന്തായാലും അക്രമം ചെയ്യേണ്ടതുതന്നെയാണ്. ഇപ്രകാരംതന്നെ മതത്തിൽനിന്ന് അകന്നു കിടക്കുന്ന ആളുകളും അല്ലാഹുവിനെ നിഷേധിക്കുന്നവരും നമ്മളെ ഇപ്പോൾ എതിർക്കേണ്ടതാണ്. അവർ സ്വാതന്ത്ര്യത്തിന്റെ പേരിൽ തെറ്റായ കാര്യങ്ങൾ പറയുകയും നിയമ നിർമാണം നടത്തുകയും ചെയ്യുമ്പോൾ, അവർക്കെതിരിലുള്ള നമ്മുടെ പ്രതികരണം കാരണത്താൽ അവർ നമുക്കെതിരിലാകേണ്ടതാണ്. അത്തരം ഘട്ടത്തിൽ നമ്മൾ ഭയന്നുകൊണ്ട് മൗനം പാലിക്കുമോ? അല്ലെങ്കിൽ വിശ്വാസപരമായ ബലഹീനതകാണിച്ചുകൊണ്ട് അവർ പറയുന്നതിനെ തലകുലുക്കി സമ്മതിക്കണമോ? നമ്മളും അങ്ങനെ ചെയ്യുകയാണെങ്കിൽ പിന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തതുകൊണ്ട് എന്തു ഫലമുണ്ടാകാനാണ്? അല്ലാഹുവിന്റെ ആജ്ഞകൾ അനുസരിച്ച് നടക്കണമെന്നും നിങ്ങളുടെ വിശ്വാസത്തെ നഷ്ടപ്പെടുത്തിക്കളയരുതെന്നും അരാജകത്വം ഉണ്ടാകാൻ അനുവദിക്കരുതെന്നും അതിനോടൊപ്പം അല്ലാഹുവിന്റെ സന്ദേശം ലോകം മുഴുവൻ എത്തിക്കണമെന്ന ചിന്ത നിങ്ങളുടെ മുമ്പിലുണ്ടാവണമെന്നും അങ്ങനെ തൗഹീദ് സ്ഥാപിക്കപ്പെടുകയും, ഇസ്‌ലാമിന്റെ മനോഹര അധ്യാപനങ്ങൾ ലോകത്ത് വ്യാപിക്കുകയും ലോകത്തിന്റെ ഭൂരിഭാഗവും ഈ അധ്യാപനത്തെ അംഗീകരിക്കുന്നവരാവുകയും ചെയ്യണമെന്നുമാണ് ആ മഹാത്മാവ് നമ്മളോട് പറഞ്ഞത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'അല്ലാഹു അതനുസരിച്ച് നടക്കാൻ വിശുദ്ധ ഖുർആനിൽ നമുക്ക് നൽകിയ മാർഗനിർദേശമിതാണ്. ഉദ്ഉ ഇലാ സബീലി റബ്ബിക്ക ബിൽഹിക്മത്തി വൽ മൗഇളത്തിൽഹസനത്തി വ ജാദിൽഹും ബില്ലത്തീ ഹിയ അഹ്സൻ തത്ത്വജ്ഞാനവും സദുപദേശവുംകൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് നി ജനങ്ങളെ ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോടു സംവാദം നടത്തുകയും ചെയ്യുക(16:126)

അതിനാൽ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനങ്ങൾ വ്യാപിപ്പിക്കുന്നതിനും ഇസ്‌ലാമിക കല്പനകളുടെ യുക്തി വിശദീകരിക്കുന്നതിനും തെളിവോടു കൂടിയ സംസാരമാണ് ആവശ്യം. അല്ലാതെ ഇക്കാലത്തെ നാമധാരികളായ പണ്ഡിതന്മാരോ ഭീകരവാദ സംഘങ്ങളോ ചെയ്തുകൊണ്ടിരിക്കുന്നതുപോലുള്ള പ്രവർത്തനമല്ല. വാളുകൊണ്ട് ഇസ്‌ലാം പ്രചരിപ്പിക്കുന്നതിന് അല്ലാഹു എവിടേയും കല്പിച്ചിട്ടില്ല. പിന്നീടുള്ളത് ഭൗതികരാഷ്ട്രങ്ങളാണ്. മറ്റു ഭരണ കൂടങ്ങളാണ്. അവരിലും ചില കാര്യങ്ങൾ നടന്നുവരുന്നുണ്ട്. അല്ലെങ്കിൽ അത്തരം കാര്യങ്ങൾക്ക് നിയമ പരിരക്ഷ ലഭിക്കുന്നുണ്ട്. അതിന് മതം അനുവാദം നല്കുന്നില്ല. മതത്തിന്റെ പക്കൽ അത് ധാർമികമായി അധഃപതിച്ച കാര്യങ്ങളാണെന്നു മാത്രമല്ല പാപവുമാണ്. ഇത്തരം കാര്യത്തിൽ സംസാരിക്കുമ്പോൾ മറുപക്ഷം കോപിക്കുന്ന അവസരത്തിൽ താൽകാലികമായി വിഷയം മാറ്റാവുന്നതും അവിടെനിന്ന് സലാം പറഞ്ഞു എഴുന്നേറ്റുപോരാവുന്നതുമാണ്. അതാണ് അവിടെ ഹിക്മത്ത് ആവശ്യപ്പെടുന്നത്. എന്നാൽ, നിയമമായി അംഗീകരിക്കപ്പെട്ടതിനാലോ മറുപക്ഷം കോപിക്കുന്ന കാരണത്താലോ, നമ്മൾ അവരുടെ വാദങ്ങളെ അംഗീകരിച്ചുകൊടുക്കാൻ പാടില്ലാത്തതാണ്. എന്നല്ല ഭയന്നുകൊണ്ടോ ഭൗതിക സ്വാധീനത്താലോ അവരോട് യോജിച്ച് പോവുകയാണെങ്കിൽ അതും തെറ്റാണ്. നമ്മളും ആ പാപത്തിൽ പങ്കാളിയാകുന്നതുമാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: ജാദിൽഹും ബില്ലത്തി ഹിയ അഹ്സൻ എന്ന ആയത്തിന്റെ ഉദ്ദേശ്യം, നമ്മൾ യാഥാർഥ്യവുമായി നിരക്കാത്ത കാര്യത്തിന് മുഖസ്തുതി പാടുന്നവരായിക്കൊണ്ട് അധികം എളിമയിലാവുക എന്നതല്ല.'(തിർയാഖുൽ ഖുലൂബ്, റൂഹാനീ ഖസായിൻ വാല്യം 15 പേജ് 305 അടിക്കുറിപ്പ്)

ഹിക്മത്തിന്റെ അർഥം ഭീരുത്വം കാണിക്കുക എന്നതല്ല. മറിച്ച് യാഥാർഥ്യത്തെ കുഴപ്പങ്ങളൊന്നുമില്ലാതെ പറയുന്നതാണ് ഹിക്മത്ത്. കുഴപ്പങ്ങൾ ഉണ്ടാവാതിരിക്കുകയും വേണം, യാഥാർഥ്യം അവിടെ വെളിപ്പെടുത്താൻ സാധിക്കുകയും വേണം.

അതിനാൽ ഒരു വിശ്വാസി ഭീരുത്വവും ഹിക്മത്തും തമ്മിലുള്ള വ്യത്യാസം എന്തെന്ന് ശ്രദ്ധയിൽ വെക്കേണ്ടതാണ്. വ്യക്തമായും തെറ്റാണ് അത് നിങ്ങൾ ചെയ്യരുതെന്ന് ഇസ്‌ലാം കല്പിക്കുന്നത് തെറ്റാണെന്ന് തന്നെ പറയണം. അതിനോടൊപ്പം നിയമം കൈയിലെടുക്കാനോ വഴക്കിടാനോ പോകുകയുമരുത്.

വീണ്ടും ഒരിടത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം കൂടുതൽ വിശദീകരിച്ചുകൊണ്ട് പറയുന്നു: ആരോടെങ്കിലുംനിങ്ങൾ ചർച്ച നടത്തുമ്പോൾ യുക്തിയോടും നല്ല ഉപദേശത്തോടും മൃദുഭാവത്തോടും മര്യാദയോടും കൂടി ആയിരിക്കണം നടത്തേണ്ടത്. ഇക്കാലത്തെ അവിവേകികളായ പണ്ഡിതന്മാർ മനസിലാക്കുന്നത് ദീൻ പ്രചരിപ്പിക്കുന്നതിന് വാളെടുത്ത് ജിഹാദു ചെയ്യുന്നത് അധികം പുണ്യം ലഭിക്കുന്ന കാര്യമാണെന്നാണ്. ഇക്കൂട്ടർ മറയ്ക്കുള്ളിലും കാപട്യത്തോടുകൂടിയും ജീവിതം കഴിക്കുന്നവരാണ്. ഇങ്ങനെയുള്ള ചിന്താഗതി വെച്ചുപുലർത്തുന്ന ഇവർ അങ്ങേയറ്റം തെറ്റിലാണുള്ളത്. ഇവരുടെ തെറ്റായ ധാരണകൊണ്ട് ദൈവിക ഗ്രന്ഥത്തിന് ഒരു പോറലും ഏല്ക്കുകയില്ല. ഇത്തരം കാര്യങ്ങൾ പറയുന്നത് അവരുടെ തെറ്റാണ്. അതിനർഥം അല്ലാഹുവിന്റെ ഗ്രന്ഥം ആരോപണവിധേയമാണെന്നല്ല. പറയുന്നു: യഥാർഥ സത്യങ്ങളും, സത്യസാക്ഷ്യങ്ങളും ഏതെങ്കിലും ബലപ്രയോഗത്തിന് ആശ്രിതമല്ല. മറിച്ച് ബലാൽക്കാരം അവരുടെ ആത്മീയ തെളിവുകൾ ബലഹീനമാണെന്നാണ് തെളിയിക്കുന്നത്. തന്റെ പരിശുദ്ധനായ പ്രവാചകൻ(സ)ന് ഫസ്ബിർ കമാ സ്വബറു ഉലുൽ അസ്മി എന്ന് അല്ലാഹു വഹ്‌യ് ഇറക്കിയില്ലേ? അതായത് എല്ലാ ഉലുൽഅസ്മിൽപ്പെട്ട റസൂൽമാരുടേയും ക്ഷമയ്ക്ക് തുല്യമായത്ര ക്ഷമ നീ കൈക്കൊള്ളുക. അതായത് നബിമാരുടെയെല്ലാം ക്ഷമ ഒരുമിച്ച് കൂട്ടിയാലും നിന്റെ ക്ഷമയേക്കാൾ അത് കൂടാൻ പാടില്ല. പിന്നീടു പറഞ്ഞു, ലാ ഇക്റാഹ ഫിദ്ദീൻ. ദീനിൽ ബലാൽക്കാരം പാടില്ലാത്തതാകുന്നു. പിന്നീട് പറഞ്ഞു: ഉദ്ഉ ഇലാ സബീലി റബ്ബിക്ക ബിൽഹിക്മത്തി വൽ മൗഇളത്തിൽഹസനത്തി തത്ത്വജ്ഞാനവും സദുപദേശവുംകൊണ്ട് നിന്റെ നാഥന്റെ മാർഗത്തിലേക്ക് നി ജനങ്ങളെ ക്ഷണിക്കുക. ഏറ്റവും ഉത്കൃഷ്ടമായ രീതിയിൽ അവരോടു സംവാദം നടത്തുകയും ചെയ്യുക; കഠിനമായിക്കൊണ്ടല്ല. വൽ കാളിമീനൽ ഗയ്ള വൽ ആഫീന അനിന്നാസ്. വിശ്വാസി കോപത്തെ അടക്കുന്നവനാണ്. അക്രമികളായ ആളുകളുടെ അക്രമങ്ങൾക്ക് മാപ്പുകൊടുക്കുന്നവനാണ്. വൃത്തികേടുകൾക്ക് വൃത്തികേടുകൾകൊണ്ട് മറുപടി നൽകുകയില്ല. ഇങ്ങനെയുള്ള അല്ലാഹു നിങ്ങളുടെ മതത്തെ നിഷേധിക്കുന്നവരെ വധിക്കാനും അവരുടെ ധനം കൊള്ളയടിക്കാനും അവരുടെ ഭവനങ്ങളെ ശൂന്യമാക്കാനും അനുമതി നൽകുമോ? മറിച്ച് ഇസ്‌ലാമിന്റെ ആരംഭ കാലത്ത് ആരാണോ അക്രമപരമായ നിലയിൽ വാളുയർത്തിയത് അവർ വാളാൽ വധിക്കപ്പെട്ടു. ഇത് ദൈവിക കല്പനയ്ക്ക് അനുസൃതമായിരുന്നു. അവർ ചെയ്തതിനുള്ള ശിക്ഷ അതുപോലെ അനുഭവിച്ചു. പറയുന്നു: വാളുകൊണ്ട് നിഷേധികളെ വധിച്ചുനടക്കാൻ എവിടെയാണ് എഴുതിയിട്ടുള്ളത്.'(തബ്‌ലീഗെ രിസാലത്ത് (മജ്മൂഅ ഇശ്തിഹാറാത്ത്)വാല്യം 3 പേജ് 194-196 അടിക്കുറിപ്പ്, തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) സൂറത്തുന്നഹ് ൽ ആയത്ത് 126)

ഇത് അജ്ഞരായ മൗലവിമാരുടെയും പാതിരിമാരുടെയും ചിന്താഗതികളാണ്. ഇതിൽ ഒരു കഴമ്പുമില്ല. ഇസ്‌ലാമിന്റെ ധ്വജവാഹകരെന്ന് പറഞ്ഞ് ചുറ്റിനടക്കുന്ന നാമധാരികളായ മൗലവിമാരോ ഇസ്‌ലാമിന്റെ ശത്രുക്കുക്കളോ ആണ് ഇസ്‌ലാം അതിന്റെ നിഷേധികളെ വധിക്കാൻ പറയുന്നു എന്ന് പറഞ്ഞു നടക്കുന്നത്. അല്ലാതെ ഇത് എവിടെയും എഴുതിയിട്ടില്ല.

ഇതാണ് ഇസ്‌ലാമിക അധ്യാപനങ്ങൾ. ഇത് അനുസരിച്ച്മറ്റു മുസ്‌ലിംകൾ പ്രവർത്തിക്കുന്നില്ല. കാരണം അവർക്ക് ഇസ്‌ലാമിന്റെ സന്ദേശം എത്തിക്കുന്നതിന് താൽപര്യമില്ല. അല്ലെങ്കിൽ മസീഹ് മൗഊദ് (അ)പറഞ്ഞതുപോലെ അജ്ഞരും വിവരമില്ലാത്തവരുമായ മൗലവിമാരാകുന്നു അവർ. എന്നാൽ, നമ്മൾ മുസ്‌ലിംകളിലും അമുസ്‌ലിംകളിലും ഈ അധ്യാപനം സർവ്വസാധാരണമാക്കേണ്ടതാണ്. അവരവരുടെ പ്രദേശങ്ങളിലും അവരവരുടെ വൃത്തങ്ങളിലും എല്ലാ അഹ്മദികളും ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. കാരണം ആദ്യം ഇക്കൂട്ടർ രഹസ്യമായിട്ടായിരുന്നു പ്രവർത്തിച്ചിരുന്നത്. കാപട്യത്തോടെയായിരുന്നു ജീവിച്ചിരുന്നത്. പക്ഷേ, ഇസ്‌ലാം ഭീകരവാദഅധ്യാപനങ്ങളുടെ മതമാണെന്ന വീക്ഷണംഇവർ വെച്ചു പുലർത്തിയിരുന്നു. ഇപ്പോൾ ഇത്തരക്കാർ പരസ്യമായി ഇത്തരം കാര്യങ്ങൾ പറയുകയും മറ്റുള്ളവരുടെ മാത്രമല്ല മുസ്‌ലിംകളുടെ തന്നെയും തലയറുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നു. അഹ്മദികൾക്കെതിരിൽ ഇതൊക്കെ മുമ്പേയുള്ളതു തന്നെയാണ്. ഒരു കക്ഷി മറ്റൊരു കക്ഷിക്കെതിരിൽ, ഒരു സംഘം മറ്റൊരു സംഘത്തിന്നെതിരിൽ കൊള്ളയും കൊലയും നടത്തുന്നു. ഇത്തരം പരിതഃസ്ഥിതിയിൽ അഹ്മദികളുടെ ജോലി വളരെ അധികമായിരിക്കുകയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അക്രമം ചെയ്യുന്നവരുടെയും കോപിക്കുന്നവരുടേയും നാവിൽ നിന്ന് ഈശ്വരജ്ഞാനവും യുക്തിജ്ഞാനം അടങ്ങിയതുമായ കാര്യങ്ങൾ ഒരിക്കലും പുറപ്പെടുകയില്ല. തന്റെ എതിരാളിയുടെ മുമ്പിൽ ക്ഷിപ്രകോപിയായിക്കൊണ്ട് അനിയന്ത്രിതനാകുന്നവന്റെ മനസ്സ് യുക്തിപരമായ കാര്യങ്ങളിൽ നിന്ന് പിന്തള്ളപ്പെടുന്നു. രുചികരമായ നീരുറവയിൽ നിന്ന് ദുഷ്ട ബുദ്ധിയും കടിഞ്ഞാണില്ലാത്തവന്റെ ചുണ്ടും നിർഭാഗ്യയും നിഷിദ്ധയും ആക്കപ്പെടുന്നു. കോപവും യുക്തിയും ഒരിക്കലും ഒരിടത്ത് സമ്മേളിക്കുകയില്ല. കോപത്തിന് അടിപ്പെടുന്നവരുടെ ബുദ്ധി ഭാരിച്ചതും ധാരണകൾ തെറ്റായതുമായിരിക്കും. അവർക്ക് ഒരു മേഖലയിലും വിജയവും സഹായവും ലഭിക്കുന്നതല്ല. കോപം പകുതി ഭ്രാന്താണ്. അതു കൂടുമ്പോൾ മുഴുഭ്രാന്തായിത്തീരുന്നതാണ്.(മൽഫൂദാത്ത് വാല്യം 5 പേജ് 126-127 1985 ലണ്ടൻ പതിപ്പ്)

കോപിയും ഭ്രാന്തനുമായിത്തീർന്നാൽ മനുഷ്യൻ ബുദ്ധിപരമായ കാര്യങ്ങൾ സംസാരിക്കുകയില്ല. ഇതാണ് നാം മറ്റുള്ളവരിൽ കണ്ടുകൊണ്ടിരിക്കുന്നത്. ഈ പ്രവൃത്തിയാണ് മൗലവി നമുക്കെതിരിൽ ചെയ്തുകാണിക്കുന്നത്. ഇത് ഇസ്‌ലാമിന് ദുഷ്പേരുണ്ടാക്കുന്ന പ്രവൃത്തികളാണ്. നമുക്ക് എതിരിൽ മാത്രമല്ല. നമ്മൾ തബ്‌ലീഗ് ചെയ്യുമ്പോഴും ഇസ്‌ലാമിന്റെ സമാധാനപരമായ അധ്യാപനം ലോകത്തിന് നൽകുമ്പോഴും ഇസ്‌ലാം വിരുദ്ധശക്തികൾ എപ്പോഴും നമുക്ക് നല്കുന്ന മറുപടി, നിങ്ങളിൽ സമാധാനം ഉണ്ടെന്നത് ശരിയാണെങ്കിലും ഭൂരിഭാഗം മുസ്‌ലിംകൾ നിങ്ങളെ മുസ്‌ലിംകളായി അംഗീകരിക്കാത്തതുകൊണ്ട് നിങ്ങൾക്ക് ഇസ്‌ലാമിന്റെ പ്രാതിനിധ്യം വഹിക്കാൻ സാധിക്കുകയില്ല എന്നാണ്.

ഈ അവസ്ഥയിൽ നമുക്ക് കൂടുതൽ വെല്ലുവിളികൾ ഉണ്ടാകുന്നു. എല്ലാ അഹ്മദികളും ഇക്കാര്യത്തിൽ തങ്ങളുടെ ബാധ്യതകൾ മനസിലാക്കേണ്ട ആവശ്യമാണുള്ളത്. നമ്മുടെ പ്രവൃത്തികളെല്ലാം ഇസ്‌ലാമിന്റെ മാതൃകയായിരിക്കണം. തബ്‌ലീഗ് ചെയ്യുന്നില്ലെങ്കിൽപോലും അവരുടെ വാക്കും പ്രവൃത്തിയും ഇസ്‌ലാമിന്റെസന്ദേശമെത്തിക്കുന്നവയായിരിക്കണം. തബ്‌ലീഗ് ചെയ്യുമ്പോൾ ഹദ്റത്ത് അലി(റ)യുടെ യുക്തിപൂർവമായ ഇക്കാര്യം നമ്മൾ മുന്നിൽ വെക്കേണ്ടതാണ്. അവിടന്ന് പറഞ്ഞു, മനസ്സുകൾക്ക് കുറച്ച് ആഗ്രഹങ്ങളും ചായ്‌വുകളുമുണ്ട്. ഇക്കാരണത്താൽ അത് ഏതെങ്കിലും നേരത്ത് കാര്യങ്ങൾ കേൾക്കാൻ തയ്യാറാകുന്നു. ചിലപ്പോൾ അതിന് തയ്യാറായിരിക്കുകയില്ല. (മനുഷ്യൻ ചിലപ്പോൾ കാര്യങ്ങൾ കേൾക്കാൻ തയ്യാറാകുന്നു. ചിലപ്പോൾ തയ്യാറാകുകയില്ല.) അതുകൊണ്ട് ജനമനസ്സുകളിൽ ഈ ചായ്‌വ് നോക്കി കടന്നു ചെല്ലുക. (ഇപ്പോൾ അവസ്ഥ എന്താണെന്ന് നോക്കുക. പിന്നീട് അതനുസരിച്ച് അവരോട് സംസാരിക്കുക.) അവർ കേൾക്കാൻ തയ്യാറുള്ളപ്പോൾ നമ്മുടെ കാര്യം പറയുക.' (നഹ്ജുൽ ബലാഗ ഭാഗം 4 പേജ് 470 നിവേദനം 506 ദാറുൽ മഅ്രിഫ ബേറൂത്ത് 2005)അതുകൊണ്ട് ഈ യുക്തി നമ്മൾ സ്വായത്തമാക്കേണ്ടതാണ്.

ആലോചിച്ചും ഹ്രസ്വമായും ആയിരിക്കണം

സംസാരിക്കേണ്ടതെന്ന് ഹദ്റത്ത് മസീഹ് മൗഊദ് (അ)നമുക്ക് മാർഗനിർദേശം നല്കുകയുണ്ടായി. ദീർഘമായി സംസാരിക്കുന്നത് ഒരു ഫലവും ചെയ്യുകയില്ല. പറയുന്നു: ചെറിയ രസകരമായഫലിതം ഏതെങ്കിലും നേരത്ത് തൊടുത്തുവിടുകയും അത് നേരെ ചെവിയിലെത്തുകയും വേണം. പിന്നീട് ഇണക്കമുണ്ടായാൽ അത് ശരിയായി.'(മൽഫൂദാത്ത് വാള്യം 10 പേജ് 119 1985 ലണ്ടൻ പതിപ്പ്)

നിരന്തരമായി ബന്ധപ്പെട്ടുകൊണ്ടിരുന്നാൽ മാത്രമേ ഇക്കാര്യങ്ങൾ ഉണ്ടാവുകയുള്ളൂ. സ്വാതന്ത്ര്യത്തിന്റെ പേരിൽ ദൈവിക നിയമങ്ങളെ എതിരിടാനും സ്വാതന്ത്ര്യത്തിന്റെ പേരിൽ അധാർമിക കാര്യങ്ങൾ ധാർമികതയുടെ വൃത്തത്തിൽ കൊണ്ടുവരാനും മതവിരുദ്ധ ശക്തികൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. നമുക്ക് യുക്തിപരമായ കാര്യങ്ങൾ കൊണ്ടും നിരന്തര ബന്ധങ്ങൾകൊണ്ടും പരിശ്രമം കൊണ്ടും മാത്രമെ അവരെ ഖണ്ഡിക്കാൻ സാധിക്കുകയുള്ളു.

ഇപ്പോൾ ഓസ്ട്രേലിയായിൽ ഒരു വിഭാഗം ഇസലാമിനോടുള്ള ശത്രുതയിൽ മുസ്‌ലിം സ്ത്രീകൾ പുരുഷന്മാർക്കും പുരുഷന്മാർ സ്ത്രീകൾക്കും കൈകൊടുക്കുന്നില്ലെങ്കിൽ അത്തരക്കാരെ രാജ്യത്ത് നിന്നും പുറത്താക്കുന്നതാണെന്ന സ്ഥിതിവരെ എത്തിയിരിക്കുന്നു. ഇക്കാര്യത്തിൽ യുക്തിപൂർവം തങ്ങളുടെ വൃത്തത്തിൽ അഹ്മദികൾ പ്രവർത്തിക്കേണ്ടതാണ്. ഹിജാബിന് ചിലർ എതിരാണ്. അല്ലെങ്കിൽ ചില രാജ്യങ്ങളിൽ മസ്ജിദുകൾക്കും മിനാരങ്ങൾക്കും ചിലർ എതിരാണ്. ഹോളണ്ടിലെ രാഷ്ട്രീയക്കാരുടെ പ്രസ്താവന എല്ലാ മുസ്‌ലിംകളേയും രാജ്യത്തുനിന്ന് പുറത്താക്കുക എന്നതാണ്, അല്ലെങ്കിൽ ചില പ്രത്യേക മുസ്‌ലിം രാഷ്ട്രങ്ങളിലെ മുസ്‌ലിംകളെ രാജ്യത്ത് നിന്ന് പുറത്താക്കുക എന്നതാണ്. അല്ലെങ്കിൽ അമേരിക്കൻ പ്രസിഡന്റ് ചില മുസ്‌ലിം രാഷ്ട്രങ്ങളിലെ ആളുകൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ ആഗ്രഹിക്കുന്നു. ഇതെല്ലാംതന്നെ ഇസ്‌ലാം വിരുദ്ധ ചിന്താഗതികളുടെ ഫലമാണ്. ഈ എല്ലാ കാര്യങ്ങൾക്കും ചില മുസ്‌ലിം വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ശക്തി പകരുന്നുണ്ട്. ഇസ്‌ലാമിക അധ്യാപനങ്ങളുടെ യാഥാർത്ഥ്യം ഇവരിൽ അധികം പേർക്കും അറിയില്ല എന്നതാണ് വാസ്തവം. അതുകൊണ്ട് അംഗങ്ങൾ കൂടുതലുള്ള ജമഅത്തുകളിലെല്ലാം തങ്ങളുടെ പരമ്പരാഗതമായി നടന്നുവരുന്ന തബ്‌ലീഗ് പരിപാടികളോടൊപ്പം ഇസ്‌ലാമിന്റെ ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശം സ്വാധീനമുണ്ടാക്കുംവിധം എത്തിക്കാനുള്ള പദ്ധതികളും ആസൂത്രണം ചെയ്യേണ്ടതാണ്. ഇസ്‌ലാം വിരുദ്ധ ശക്തികൾ ശക്തിപ്രാപിച്ചുവരുന്ന രാജ്യങ്ങളിൽ അവരുടെ ശക്തിയെ തകർക്കുന്നതിന് സംഘടിതമായ നിലയിൽ ആർക്കെങ്കിലും കഴിയുമെങ്കിൽ അത് അഹ്മദിയ്യാ ജമാഅത്തിന് മാത്രമാണ്. മറ്റു മുസ്‌ലിംകൾക്ക് ഇസ്‌ലാമിന്റെ സൗന്ദര്യത്തെ പ്രകടമാക്കാനോ അതിന്റെ സന്ദേശത്തെ എത്തിക്കാനോ സാധ്യമല്ല. അവരിൽ അത്തരം സംഘടനയോ, അറിവോ ഇല്ല. ഈ ജോലി ഹദ്റത്ത് മസീഹ് മൗഊദു(അ)മായി ചേർന്ന് നില്ക്കുന്നവർ മുഖേനയാണ് വിധിക്കപ്പെട്ടിട്ടുള്ളത്. അതുകൊണ്ട് ഇക്കാര്യത്തിന്റെ പ്രാധാന്യം നമ്മൾ മനസിലാക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) ഒരിടത്ത് പറയുന്നു: 'എത്രമാത്രം ശക്തമായി അസത്യം സത്യത്തെ നേരിടുന്നുവോ അത്രമാത്രം സത്യത്തിന്റെ ശക്തിയും കഴിവും വർദ്ധിക്കുന്നതാണ്. പറയുന്നു, സത്യത്തിന് എത്രമാത്രം ശക്തിയോടെ എതിർപ്പുണ്ടാകുന്നുവോ അത്രമാത്രം അത് തിളങ്ങുകയും അതിന്റെ ഗാംഭീര്യം കാണിക്കുകയും ചെയ്യുന്നുവെന്നത് സ്വാഭാവികമായ ദൃശ്യമാണ്.' അവിടന്ന് പറയുന്നു: 'നമ്മെ സംബന്ധിച്ച് എവിടെയൊക്കെ ഒച്ചപ്പാടുകളും ബഹളങ്ങളും ഉണ്ടായിട്ടുണ്ടോ അവിടെയെല്ലാം ഒരു ജമാഅത്ത് രൂപീകരിക്കപ്പെട്ടിട്ടുണ്ട്. അതെല്ലാം കേട്ട് ആളുകൾ മൗനം പാലിച്ച സ്ഥലങ്ങളിൽ കൂടുതൽ അഭിവൃദ്ധി ഉണ്ടായിട്ടില്ല.'(മൽഫൂദാത്ത് വാള്യം 5 പേജ് 310-311 1985 ലണ്ടൻ പതിപ്പ്)

ഇത് ഞാൻ സ്വയം പരീക്ഷിച്ചു അറിഞ്ഞിട്ടുള്ളതാണ്. അതുകൊണ്ട് മുസ്‌ലിംകളുടെ ഭാഗത്ത് നിന്ന് ജമാഅത്തിന് എതിർപ്പുണ്ടാകുമ്പോൾ ജമാഅത്തിനെ കുറിച്ച് ആളുകൾ അറിയുകയും അഭിവൃദ്ധി ഉണ്ടാകുകയും ചെയ്യുന്നു. അൽജീരിയയിലും ഈ കേസുകളിലൂടെയും നമുക്കെതിരിൽ പത്രങ്ങൾ എഴുതുന്ന കാരണത്താലും ജമാഅത്തിനേയും ഹദ്റത്ത് മസീഹ് മൗഊദിനേയും കുറിച്ചുള്ള അറിവ് മറ്റുള്ളവർക്ക് ലഭിച്ചത്ര നമ്മുടെ തബ്‌ലീഗ് കൊണ്ട് ഒരു പക്ഷെ ലഭിച്ചെന്ന് വരില്ല. മാത്രമല്ല നന്മനിറഞ്ഞ സ്വഭാവഗുണമുള്ളവരിൽ ഇത് നല്ല സ്വാധീനവും ചെലുത്തുന്നുണ്ട്. അതുപോലെതന്നെ അമുസ്‌ലിം രാഷ്ട്രങ്ങളിൽ ഇസ്‌ലാം വിരുദ്ധാന്തരീക്ഷമാണ് ഉള്ളതെങ്കിൽ നമുക്ക് അഹ്മദിയ്യത്തിനേയും യഥാർഥ ഇസ്‌ലാമിനേയും കൂടുതലായി പരിചയപ്പെടുത്താൻ നമ്മൾ അങ്ങേയറ്റം പരിശ്രമിക്കേണ്ടതാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ സമാധാനത്തിന്റേയും ശാന്തിയുടേയും അധ്യാപനങ്ങൾ നാം കൂടുതലായി പ്രചരിപ്പിക്കേണ്ടതാണ്. ഒരു പക്ഷേ ഇതിലൂടെ ഒരു വിഭാഗത്തിൽ നമുക്കെതിരിലുള്ള എതിർപ്പ് വർദ്ധിക്കും. ചിലയിടങ്ങളിൽ എതിർപുകൾ വർധിക്കുന്ന ഉദാഹരണങ്ങൾ മുമ്പിൽ വരുന്നുണ്ട്; അനഹ്മദികളിലും ക്രിസ്ത്യാനികളിലും. ഉദാഹരണമത്തിന് കിഴക്കൻ ജർമനിയിലെ യാഥാസ്ഥിതികർ ജമാഅത്തിനെ കുറിച്ച് പലതും പറയുന്നുണ്ട്. എന്നാൽ, നേർമാർഗ ചിത്തരായ ആളുകളിൽ അത് പോസിറ്റീവായിട്ടുള്ള പ്രതികരണമാണ് ഉണ്ടാക്കുന്നത്. അവർക്ക് ജമാഅത്തിനെ കുറിച്ച് അറിവുണ്ടാകുന്നു. ഇവിടെ നമ്മൾ ഭയപ്പെടുന്നതിനു പകരം സന്തോഷത്തോടെ നമ്മുടെ ജോലി ത്വരിതഗതിയിലാക്കുകയാണ് വേണ്ടത്. എല്ലാ ഓരോ അഹ്മദിയും തങ്ങളുടെ മാതൃകകൊണ്ടും പ്രകടനം കൊണ്ടും തബ്‌ലീഗിന്റെ ഭാഗമായിത്തീരേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: ഇസ്‌ലാമിന്റെ സംരക്ഷണത്തിനും സത്യം പ്രകടിപ്പിക്കുന്നതിനും വേണ്ടിയുള്ള ഒന്നാമത്തെവശം നിങ്ങൾ യഥാർഥ മുസൽമാന്റെ മാതൃക കാണിക്കുക എന്നതാണ്. രണ്ടാമത്തെ വശം അതിന്റെ വിശേഷഗുണങ്ങളും കഴിവുകളും ലോകത്ത് പ്രചരിപ്പിക്കുക എന്നതാണ്.(മൽഫൂദാത്ത് വാള്യം 8 പേജ് 323 1985 ലണ്ടൻ പതിപ്പ്)

അതനുസരിച്ച് ജീവിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. സത്യവാനായ മുസ്‌ലിമിന്റെ മാതൃകയായിത്തീരട്ടെ. എല്ലാ എതിർപുകളും നിലനില്ക്കെ ഇസ്‌ലാമിന്റെ വിശേഷ ഗുണങ്ങളും കഴിവുകളും ലോകത്ത് പരത്തുന്നവരായിത്തീരട്ടെ. യഥാർഥ ഇസ്‌ലാമിന്റെ സംരക്ഷകരിലും സത്യം പ്രകടിപ്പിക്കുന്നവരിലും നമ്മളിൽ എല്ലാ ഓരോരുത്തരും ആയിത്തീരട്ടെ.

നമസ്കാരങ്ങൾക്കുശേഷം ഞാൻ ചില ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തെ ജനാസ ബഹുമാന്യനായ മൗലാനാ ഹക്കീം മുഹമ്മദുദ്ദീൻ സാഹിബ് ഖാദിയാന്റേതാണ്. അദ്ദേഹം മുഹമ്മദ് അസീസുദ്ദീൻ സാഹിബിന്റെ മകനായിരുന്നു. 2017 മാർച്ച് 15 ന് 97-ാം വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ അദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് ഹക്കീം മൗലവി വസീറുദ്ദീൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. 313 സ്വഹാബിമാരുടെ ലിസ്റ്റിൽ അദ്ദേഹത്തിന്റെ പേര് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ രണ്ടുഗ്രന്ഥങ്ങളിൽ- ആയിനയെ കമാലാത്തെ ഇസ്‌ലാമിലും, സമീമെ അഞ്ചാമെ ആഥമിലും രേഖപ്പെടുത്തിയിരിക്കുന്നു. ഹദ്റത്ത് ഹക്കീം മൗലവി വസീറുദ്ദീൻ സാഹിബ് കാങ്കടയിൽ ഒരു മദ്രസയിലെ ഹെഡ്മാസ്റ്ററായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനമനുസരിച്ച് 1905-ൽ കാങ്കടയിൽ ഭയാനകമായ ഭൂകമ്പമുണ്ടായിരുന്നു. അതിൽ അദ്ദേഹവും മദ്രസയിലെ വിദ്യാർഥികളും അത്ഭുതകരമായ നിലയിൽ രക്ഷപ്പെട്ടു. ഹക്കീം മുഹമ്മദുദ്ദീൻ സാഹിബ് 1920 ജൂണിൽ ഹോശിയാർപൂർ ജില്ലയിലെ മക്കേരിയാ എന്ന സ്ഥലത്ത് ജനിച്ചു. മെട്രിക് പരീക്ഷ ലാഹോറിൽനിന്നും ഇന്ററിന്റെ പരീക്ഷ ഖാദിയാനിൽനിന്നും പാസ്സായി. മുൻശീ ഫാളിലിന്റെ ഡിഗ്രിയും കരസ്ഥമാക്കി. രണ്ടു വർഷം ലാഹോർ ത്വിബിയ കോളേജിൽ പഠിച്ചു. അവിടെനിന്ന് ഹക്കീം ഹാദിക്കിന്റെ ഡിഗ്രി കരസ്ഥമാക്കി. 1939 മുതൽ 1944 വരെ റെയിൽവേ ഡിപ്പാർട്ടുമെന്റിൽ അസിസ്റ്റന്റ് സ്റ്റേഷൻമാസ്റ്റർ എന്ന നിലയിൽ ജോലി ചെയ്തു. 1943-ൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനി (റ)യുടെ ആഹ്വാനപ്രകാരം വഖ്ഫെ സിന്ദഗിയുടെ അപേക്ഷ നല്കി. ആ നേരത്ത് ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനീ(റ) താങ്കളുടെ ജോലി തുടരാനും തബ്‌ലീഗു ചെയ്തുകൊണ്ടിരിക്കാനും നിർദേശിച്ചു. പക്ഷേ, ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ ഖുത്വ്ബ കേട്ട് വഖ്ഫു ചെയ്യാനും ഔദ്യോഗികമായി മുബല്ലിഗ് എന്ന നിലയിൽ പ്രവർത്തിക്കാനുമായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. അവസാനം ആ ആഗ്രഹം കാരണത്താലും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിക്ക് നിരന്തരം എഴുതിക്കൊണ്ടിരുന്നതിനാലും അദ്ദേഹത്തെ മുബല്ലിഗ് എന്ന നിലയിൽ എടുത്ത ഒരു സമയം വന്നെത്തി. മുംബയിൽ അദ്ദേഹത്തെ ഇൻചാർജ് മുബല്ലിഗാക്കി. ആദ്യം അദ്ദേഹം മൗലാനാ അബ്ദുർറഹീം സാഹിബ് നയ്യറിന്റെ കീഴിൽ സഹായി എന്ന നിലയിൽ ജോലി ചെയ്തു. പിന്നീടാണ് അദ്ദേഹത്തെ മുബല്ലിഗ് ഇൻചാർജായി നിയമിക്കുന്നത്. മൊത്തത്തിൽ 25 വർഷം തബ്‌ലീഗ് രംഗത്ത് സേവനം ചെയ്യാൻ അദ്ദേഹത്തിന് തൗഫീഖ് കിട്ടി. 1972 ന്റെ അന്ത്യത്തിൽ ഖാദിയാനിൽ വിളിക്കപ്പെട്ടു. ഇവിടെ ആദ്യം മദ്രസ അഹ്മദിയ്യായിൽ ഉസ്താദെന്ന നിലയിൽ നിയമിതനായി. പിന്നീട് 12 വർഷം മദ്രസ അഹ്മദിയ്യായിലെ ഹെഡ്മാസ്റ്റർ എന്ന നിലയിൽ സേവനം ചെയ്യാൻ ഭാഗ്യം ലഭിച്ചു. നാളിം ദാറുൽ ഖളാ, സ്വദർ മജ്‌ലിസ് അൻസ്വാറുല്ലാഹ് ഭാരത്, മെമ്പറായും അതിനുശേഷം സ്വദർ മജ്‌ലിസ് കാർപർദാസ് എന്ന നിലയിലും സേവനം ചെയ്തു. നാളിം വഖ്ഫ് ജദീദായും നിയമിക്കപ്പെട്ടിരുന്നു. 2011-ൽ അദ്ദേഹത്തെ സ്വദർ അഞ്ചുമൻ അഹ്മദിയ്യായുടെ സ്വദ്റാക്കി. 2014 വരെ സ്വദർ അഞ്ചുമൻ അഹ്മദിയ്യായുടെ സ്വദ്റായി സേവനം അനുഷ്ഠിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ സേവനരംഗം വളരെ വിശാലമാണ്. അത് ധാരാളം വർഷങ്ങളിലായി വ്യാപിച്ചു കിടക്കുന്നു. അദ്ദേഹത്തിന് ഹജ്ജെ ബദൽ എന്ന നിലയിൽ ബയ്ത്തുല്ലായിൽ പോയി ഹജ്ജ് ചെയ്യാനും തൗഫീഖ് കിട്ടിയിരുന്നു. വളരെ മനോഹരമായ നിലയിൽ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമായിരുന്നു. ശബ്ദവും വളരെ ഉയർന്നതായിരുന്നു. അദ്ദേഹത്തിന്റെ വസിയ്യത്ത് ആദ്യം പത്തിലൊന്നായിരുന്നു. പിന്നീട് അദ്ദേഹം ഏഴിലൊന്നാക്കി. തുടർന്ന് അഞ്ചിലൊന്നാക്കുകയുണ്ടായി. വലിയ നിസ്വാർഥനായ മനുഷ്യനായിരുന്നു. വളരെ വിനയനും നിസ്വാർഥനായുമാണ് അദ്ദേഹം എപ്പോഴും സേവനം ചെയ്തിരുന്നത്. തന്നെക്കാൾ വളരെ ജൂനിയറിന്റെ കീഴിലും സേവനം ചെയ്തിട്ടുണ്ട്. പൂർണമായ അനുസരണം പുലത്തിക്കൊണ്ട് തന്റെ ജൂനിയർ മുബല്ലിഗുമാരുടെ കീഴിൽ ജോലി ചെയ്തു. അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കളിൽ മൂന്നു പെൺമക്കൾ ഇപ്പോൾ പാക്കിസ്താനിലാണ്. മൂന്നുപേർ ഇന്ത്യയിൽത്തന്നെയുണ്ട്. രണ്ട് ആൺമക്കളുണ്ട്. അവർ ജമാഅത്തിന് സേവനം ചെയ്തുവരുന്നു. അല്ലാഹു അവർക്കും കൂറോടും ആത്മാർഥതയോടുംകൂടി തങ്ങളുടെ ബയ്അത്ത് പ്രതിജ്ഞ നിറവേറ്റാനും ഖിദ്മത്ത് ചെയ്യാനും തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ മാസ്റ്റർ ഇമാം അലി സാഹിബിന്റെ മകൻ ഫള്‌ലെ ഇലാഹി അൻവരി സാഹിബിന്റേതാണ്. 2017 മാർച്ച് 4 ന് 90-ാമത്തെ വയസ്സിൽ ജർമനിയിൽ അദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ 1927 ഏപ്രിൽ 16 ന് ഇദ്ദേഹം ഭേരയിൽ ജനിച്ചു. 1946-ൽ തഅ്ലീമുൽ ഇസ് ലാം കോളേജ് ഖാദിയാനിൽനിന്ന് എഫ്. എസ്. സി പരീക്ഷ പാസ്സായി. 1947-ൽ വഖ്ഫിനായി തന്നെ സമർപിച്ചു. അതിനുശേഷം അദ്ദേഹം ബി.എസ്.സി യ്ക്കു ചേർന്നു. 1950-ൽ ഗവൺമെന്റ് കോളേജ് ലാഹോറിൽനിന്ന് ബി. എസ്. സി ചെയ്തു. 1951-ൽ ജാമിഅത്തുൽ മുബശ്ശിരീനിൽ പ്രവേശിച്ചു. അതിനുശേഷമുള്ള അദ്ദേഹത്തിന്റെ സേവനങ്ങളുടെ പരമ്പര വളരെ ദീർഘമാണ്. 1956-ൽ മുബല്ലിഗ് എന്ന നിലയിൽ ഘാനയിൽ നിയമിതനായി. 1960 വരെ അദ്ദേഹം അവിടെ താമസിച്ചു. 1960 മുതൽ 1964 വരെ ജാമിഅ അഹ്മദിയ്യാ റബ്‌വയിൽ ഉസ്താദായിരുന്നു. 64 മുതൽ 67 വരെ പശ്ചിമ ജർമ

നിയിൽ മുബല്ലിഗായിരുന്നു. പിന്നീട് 68-ൽ ആഫ്രിക്കയിൽ, നൈജീരിയായിൽ മുബല്ലിഗായി അയച്ചു. 1972 വരെ അവിടെ താമസിച്ചു. 1972-ൽ വീണ്ടും ജർമനിയിൽ വന്നു. 1977 വരെ അവിടെ സേവനം ചെയ്തു. 1979-ൽ ഹദീഖത്തുൽമുബശ്ശിരീനിൽ സെക്രട്ടറി എന്ന നിലയിൽ പ്രവർത്തിച്ചു. അഡീഷണൽ നാളിർ ഇസ്‌ലാഹ്-ഒ-ഇർശാദായും തഅ്ലീമുൽ ഖുർആനായും നിയമിതനായി. 1982-ൽ ഗാമ്പിയായിൽ മുബല്ലിഗ് എന്ന നിലയിൽ പോയി. 1983 വരെ അവിടെ താമസിച്ചു. പിന്നീട് മുബല്ലിഗ് എന്ന നിലയിൽ നൈജീരിയായിലേക്ക് സ്ഥലം മാറി.1986 വരെ അവിടെ താമസിച്ചു. 1986-ൽ പാക്കിസ്താനിൽ മടങ്ങിപ്പോയി. അവിടെ ജാമിഅ അഹ്മദിയ്യായിൽ ഉസ്താദെന്ന നിലയിൽ സേവനം ചെയ്തു. 1988-ൽ അദ്ദേഹത്തിന്റെ നിയമനം ഉണ്ടായത് വക്കാലത്തെ തസ്നീഫിലായിരുന്നു.1988 വരെ അവിടെ സേവനം ചെയ്തു. അതിനുശേഷം അദ്ദേഹം റിട്ടയേർഡായി. തുടർന്ന് ജർമനിയിൽ തന്നെയായിരുന്നു താമസം. 1974 ലെ അവസ്ഥകൾക്കുശേഷം ഇദ്ദേഹം ജർമനിയിൽ അഹ്മദികളെ അവിടെ വിളിപ്പിക്കുന്നതിനും ഇമിഗ്രേഷൻ കൊടുപ്പിക്കുന്നതിനും വലിയ ജോലിയാണ് ചെയ്തത്. അതിന് ഖലീഫത്തുൽമസീഹ് ഥാലിഥ് (റഹ്) അദ്ദേഹത്തെ വളരെ അധികം പ്രശംസിക്കുകയുണ്ടായി. അവിടെ താമസിക്കുന്ന ചില പഴയ അഹ്മദികൾ ഉദാഹരണത്തിന് ഇർഫാൻ ഖാൻ സാഹിബ് എനിക്കെഴുതി:'പിതാവിനെപ്പോലെ അദ്ദേഹം ഞങ്ങളെ അവിടെ പാർപിച്ചു. അക്കാലത്ത് ജമാഅത്തിന്റെ സാമ്പത്തികാവസ്ഥയും അത്ര നല്ലതല്ലായിരുന്നു. ഞങ്ങൾ വെള്ളം നഷ്ടപ്പെടുത്തിക്കളയാതിരിക്കാൻ അദ്ദേഹം വളരെ ശ്രദ്ധിച്ചിരുന്നു. ഞങ്ങൾ വുളു ചെയ്യുമ്പോൾ പിന്നിൽ വന്ന് നില്ക്കുമായിരുന്നു. ആ നേരത്ത് അവിടെ വന്നത് ഭൂരിപക്ഷവും യുവാക്കളായിരുന്നു. അവരെ അദ്ദേഹം കൃത്യമായി ജമാഅത്തിനോടു ചേർത്തുനിറുത്തി. അവർക്ക് തർബിയ്യത്തും നല്കിപ്പോന്നു. ഉള്ളതുകൊണ്ട് തൃപ്തിപ്പെടുന്ന ആളായിരുന്നു. അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നുകൊണ്ടണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ. ദർവേശുമാരുടെ വിവിധ പ്രത്യേകതകൾ വിശദീകരിച്ചുകൊണ്ട് അദ്ദേഹം ചില ഗ്രന്ഥങ്ങളും എഴുതിയിട്ടുണ്ട്.

മൂന്നാമത്തെ ജനാസ മൊറോക്കോയിലെ ഇബ്റാഹീം ബിൻ അബ്ദുല്ലാ ഗസോൽ സാഹിബിന്റേതാണ്. അദ്ദേഹം ജമാൽ ഗസോൽ സാഹിബിന്റെ പിതാവാണ്. 2017 മാർച്ച് 10 ന് 81 -ാം വയസ്സിൽ ഇദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ അദ്ദേഹം 2000ലാണ് ബയ്അത്തു ചെയ്തത്. അദ്ദേഹത്തിന്റെ ഭാര്യ അദ്ദേഹത്തെക്കാൾ മുമ്പേ ബയ്അത്തു ചെയ്തിരുന്നു. അദ്ദേഹത്തിന്റെ ഭാര്യതന്നെയാണ് അദ്ദേഹത്തെ ബയ്അത്ത് ചെയ്യാൻ തയ്യാറാക്കിയത്. മിക്കപ്പോഴും എം ടി എ കണ്ടുകൊണ്ടിരുന്നു. നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്ന വ്യക്തിയായിരുന്നു. വിശുദ്ധ ഖുർആനെ അത്യധികം സ്നേഹിക്കുന്ന ആളായിരുന്നു. കുടുംബാംഗങ്ങളോടു വാത്സല്യത്തോടെ പെരുമാറിയിരുന്നു. വളരെ മൃദുസ്വഭാവിയായിരുന്നു. കുട്ടികളുടെ ശിക്ഷണത്തിൽ ഒരിക്കലും കടുപ്പം കാണിച്ചിരുന്നില്ല. തന്റെ കുടുംബത്തെ എപ്പോഴും ഐക്യത്തിൽ നിറുത്തി. ദാനധർമങ്ങൾ കൊടുക്കുന്നതിലും കുടുംബബന്ധം പുലർത്തുന്നതിലും മാതൃകയായിരുന്നു. സാമ്പത്തികമായി ബലഹീനരായ സഹോദരങ്ങളെ നല്ല കാലത്ത് തന്റെ കച്ചവടത്തിൽ പങ്കുകാരാക്കി അവരുടെ സാമ്പത്തികാവസ്ഥ മെച്ചപ്പെടുത്തിന്നതിന് ശ്രമിച്ചിരുന്നു. അതിഥിസൽക്കാരം അദ്ദേഹത്തിന്റെ പ്രത്യേക ഗുണമായിരുന്നു. ജമാഅത്തിലെ അതിഥികൾ വരുമ്പോൾ ഏറെ സന്തോഷിക്കുമായിരുന്നു. യുവത്വത്തിൽത്തന്നെ സത്യസന്ധതയിൽ പ്രശസ്തനായിരുന്നു. ആരുടെ അടുത്താണോ പണി ചെയ്തിരുന്നത് അവർ തങ്ങളുടെ എല്ലാ വ്യാപാരസാധനങ്ങളും ധനവും അദ്ദേഹത്തെ ഏല്പിച്ചിരുന്നു. അദ്ദേഹത്തിനോടൊപ്പം കച്ചവടം ചെയ്തിരുന്ന മറ്റു കൂട്ടുകാർ അത് കണ്ട് അത്ഭുതപ്പെടുമായിരുന്നു. അവസാന കാലത്ത് രോഗാവസ്ഥയിൽ ആവർത്തിച്ചാവർത്തിച്ച് നമസ്കാരത്തെ കുറിച്ച് അന്വേഷിച്ചുകൊണ്ടിരുന്നു. അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ ബന്ധുമിത്രാദികൾക്ക് ക്ഷമ പ്രദാനം ചെയ്യുമാറാകട്ടെ. ഖിലാഫത്തിനോടും ജമാഅത്തിനോടും ചേർത്തു വെക്കുമാറാകട്ടെ.

പേജ് 2ൽ നിന്ന്

മറഞ്ഞിരിക്കുകയാണ്. അത് ഏതെങ്കിലും നേരത്ത് 'നിന്റെ അവസ്ഥ എന്താണ്, തിന്മകളിൽ മുങ്ങിത്താണ് കിടക്കുകയാണല്ലോ' തുടങ്ങിയ വിചാരങ്ങളെ തള്ളിക്കയറ്റുകയും ഈ താല്കാലികമായ ബോധത്താൽ ദുആയിലേക്ക് താല്കാലികമായ ശ്രദ്ധ ഉണ്ടാകുകയും ചെയ്യുമെങ്കിലും പിന്നീട് ആ തിന്മ നേരിൽ വരുന്ന നേരത്ത് അത് ചെയ്യാനുള്ള ആഗ്രഹം ആ താല്കാലികമായുണ്ടായ ബോധത്തെ നശിപ്പിക്കുകയും ലജ്ജയെ കീഴടക്കുകയും ചെയ്യും. അത്തരം അവസ്ഥ തിന്മകളിൽനിന്ന് സ്ഥിരമായി രക്ഷിക്കുകയില്ല. ദുആയോടുള്ള കടമകൾ നിറവേറ്റുന്നതായി തീരുകയുമില്ല. എന്നല്ല അത് ദുആയെ പരിഹസിക്കലാണ്. അല്ലാഹുവിനെ തന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാനുള്ള ശ്രമമാണ്. അല്ലാഹു ആരുടേയും നിയന്ത്രണത്തിന് വിധേയനല്ല. അതുകൊണ്ട് അത്തരമാളുകൾക്ക് അല്ലാഹുവിന്റെ പൊറുമയിൽനിന്ന് യഥാർഥ അനുഗ്രഹം എടുക്കണമെങ്കിൽ, അവന്റെ പാരിതോഷികങ്ങൾക്ക് അനന്തരാവകാശികളാകണമെങ്കിൽ, തങ്ങളുടെ ദുആകളുടെ സ്വീകാര്യത ദർശിക്കണമെങ്കിൽ തങ്ങളുടെ അവസ്ഥകളിലേക്ക് ശ്രദ്ധിക്കേണ്ടത് നിർബന്ധമാണ്. ഞാൻ പറഞ്ഞതുപോലെ അല്ലാഹു കൃപാലുവാണ്. എപ്പോഴും തന്റെ കാരുണ്യത്തിന്റെ പുതപ്പ് തന്റെ ദാസരെ പുതപ്പിക്കാൻ തയ്യാറാണ്. ഇക്കാര്യം, നിങ്ങൾ അല്ലാഹുവിന്റെ കല്പനപാലിച്ച് നടക്കാനും അങ്ങനെ അല്ലാഹുവിന്റെ പൊറുക്കലും കാരുണ്യവും കരസ്ഥമാക്കാനും നമ്മളോട് ആവശ്യപ്പെടുന്നില്ലേ? അവന്റെ വിശാലമായ കാരുണ്യമുണ്ടായിട്ടും അവന്റെ ശിക്ഷയ്ക്ക് പാത്രമാകുന്ന കാര്യങ്ങളിൽനിന്ന് വിട്ടു നില്ക്കാൻ ആവശ്യപ്പെടുന്നില്ലേ? നമ്മുടെ തൗബ സത്യസന്ധമായിത്തീരട്ടെ. നമ്മൾ എപ്പോഴും അവന്റെ മുമ്പിൽ കുനിയുന്നവരായിത്തീരട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: നിങ്ങളുടെ കർമങ്ങളെ ശുദ്ധമാക്കുക. അല്ലാഹുവിനെ എപ്പോഴും സ്മരിക്കുക. മടികാണിക്കരുത്. ഓടുന്ന ഇര അല്പം അശ്രദ്ധയാകുമ്പോൾ വേട്ടക്കാരന്റെ കൈയിൽ അകപ്പെടുന്നതുപോലെ അല്ലാഹുവിന്റെ സ്മരണയിൽ അശ്രദ്ധരാകുമ്പോൾ നിങ്ങൾ ശയ്ത്വാന്റെ വേട്ടയായി തീരുന്നു. പശ്ചാത്താപത്തെ എപ്പോഴും ജീവിപ്പിച്ച് നിറുത്തുക. മരിക്കാൻ വിടരുത്. കാരണം ഏതൊരു അവയവംകൊണ്ടാണോ പ്രവർത്തിക്കുന്നത് അതാണ് പ്രയോജനപ്പെടുന്നത്. ഏതൊന്നിനെ അലക്ഷ്യമായി വിട്ടുകളയുന്നുവോ അത് എന്നെന്നേക്കുമായി നിഷ്പ്രയോജനമായിത്തീരുന്നു. ഇതേപോലെ തൗബയേയും ചലിപ്പിച്ചുകൊണ്ടിരിക്കുക; അത് നിഷ്പ്രയോജനമാകാതിരിക്കാൻ. നിങ്ങൾ ശരിയായ തൗബ ചെയ്തിട്ടില്ലെങ്കിൽ അത് കല്ലിന്മേൽ വിതയ്ക്കുന്ന വിത്തുപോ ലെയാണ്. ഇനി അത് ശരിയായ തൗബയാണെങ്കിൽ യഥാർഥ സമയത്ത് വിളവ് കൊണ്ടു വരുന്ന വളക്കൂറുള്ള മണ്ണിൽ വിതയ്ക്കുന്ന വിത്തുപോലെയാണ്. ഇക്കാലത്ത് ഇത്തരം തൗബ ചെയ്യാൻ വലിയവലിയ പ്രയാസങ്ങളുണ്ട്. കാരണം ദുൻയാവിനോടുള്ള അത്യാഗ്രഹവും ദുൻയാവിന്റെ ആനന്ദാനുഭൂതികളും മുന്നിലുണ്ടാകുന്നു.'

പറഞ്ഞു: 'നമുക്ക് വിജയിക്കാനുള്ള ആയുധം ഇസ്തിഗ്ഫാർ, തൗബ, മതപരമായ അറിവ്, അല്ലാഹുവിന്റെ മഹത്വത്തെ മുന്നിൽ കാണൽ, അഞ്ചു നേരത്തെ നമസ്കാരം അനുഷ്ഠിക്കൽ തുടങ്ങിയവയാണ്. നമസ്കാരം ദുആ സ്വീകരിക്കുന്നതിനുള്ള താക്കോലാണ്. നമസ്കരിക്കുമ്പോൾ ദുആ ചെയ്യുക. അശ്രദ്ധരാവരുത്. ദൈവത്തോടുള്ള കടമകളെ സംബന്ധിച്ചും സൃഷ്ടികളോടുള്ള കടമകളെ സംബന്ധിച്ചുമുള്ള എല്ലാ തരം തിന്മയിൽനിന്നും മുക്തരാകുക.'(മൽഫൂദാത്ത് വാല്യം 5 പേജ് 303 1984 ലണ്ടൻ പതിപ്പ്)

ഇങ്ങനെ ശരിയായ നിലയിൽ തൗബ ചെയ്യുന്നവരിൽ ഉൾപ്പെടാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ. എപ്പോഴും അല്ലാഹുവിന്റെ അനുഗ്രഹങ്ങളുടെ അവകാശികളായിക്കൊണ്ടിരിക്കുമാറാകട്ടെ. റമളാനുമായി ബന്ധപ്പെട്ട എല്ലാ അനുഗ്രഹങ്ങളും കരസ്ഥമാക്കുന്നവരായി നാം മാറട്ടെ.

പേജ് 8ൽ നിന്ന്

കൃപയാണ്. അമീറുൽമുഅ്മിനീൻ പറഞ്ഞു: ഞാൻ ഡന്മാർക്കിൽ ഒരു യുവാവിനെ കണ്ടിരുന്നു. അവൻ ഇസ്‌ലാമിൽനിന്ന് വളരെ ദൂരെ പൊയ്ക്കഴിഞ്ഞിരുന്നു. ഭീകരവാദികളോടൊപ്പം ചേർന്നിരുന്നു. അവന്റെ രണ്ടു സുഹൃത്തുക്കളിൽ ഒരാൾ ഐ എസ്സ് ഐ എസ്സിൽ ചേരുകയും ഇതരൻ മദ്യപാനിയാകുകയും ചെയ്തിരിക്കുന്നത് അവൻ കണ്ടപ്പോൾ അഹ്മദിയ്യത്തുതന്നെയാണ് യഥാർഥ ഇസ്‌ലാമെന്ന് അവന് മനസ്സിലായി. അങ്ങനെ അവൻ തിരിച്ചുവരികയും എന്നെ കാണുകയും ചെയ്തു.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ഏഴു വയസ്സുമുതൽ ഞങ്ങളുടെ കുട്ടികൾ തങ്ങളുടെ സംഘടനയിൽ ചേരുന്നു. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം സംഘടനകളുണ്ട്. അവിടെ അവരെ മതപരമായ കാര്യങ്ങൾ പഠിപ്പിക്കുന്നു.

പിന്നീട് അവർക്ക് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. കായിക മത്സരങ്ങളും നടത്തുന്നു. അഹ്മദികളായ ഞങ്ങൾ ഞങ്ങളുടെ കുട്ടികളുടേയും യുവാക്കളുടേയും വിദ്യാഭ്യാസത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നു. ഇക്കാരണത്താലാണ് അവർ വിദ്യാഭ്യാസരംഗങ്ങളിൽ മുന്നോട്ടുപൊയ്കൊണ്ടിരിക്കുന്നത്.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: മാതാപിതാക്കൾക്കും ഒരു പങ്കുണ്ട്. അവർ തങ്ങളുടെ മക്കളെ നോക്കേണ്ടതാണ്. എത്രത്തോളം ശ്രദ്ധിക്കാൻ കഴിയുമോ തങ്ങളുടെ കുട്ടികളെ ശ്രദ്ധിക്കേണ്ടതാണ്. അമീറുൽമുഅ്മിനീൻ പറഞ്ഞു:നിങ്ങൾ ലോകത്തെവിടെപോയാലും അഹ്മദികളുടെ സ്വഭാവം മറ്റുള്ളവരിൽനിന്ന് വ്യത്യസ്തമായി കാണുന്നതാണ്. നൈജീരിയായിൽ 'ബോക്കോഹറാം' രാജ്യത്ത് നാശം വിതച്ചുകൊണ്ടിരിക്കുന്നു. ഒരു മില്യൺ അഹ്മദി രാജ്യത്തിനു സേവനം ചെയ്തുകൊണ്ടിരിക്കുന്നു. അതിനു കാരണം ഞങ്ങൾ ചെറുപ്പംമുതൽത്തന്നെ ഞങ്ങളുടെ കുട്ടികൾക്ക് സൽസ്വഭാവങ്ങൾ പഠിപ്പിക്കുന്നു എന്നതാണ്. അവരുടെ വിദ്യാഭ്യാസത്തിനും ശിക്ഷണത്തിനുമുള്ള ഏർപാടു ചെയ്യുന്നു.

അതുകേട്ട് മിനിസ്റ്റർ പറഞ്ഞു: നിങ്ങൾ വളരെ നല്ല ജോലികളാണ് ചെയ്തുകൊണ്ടിരിക്കുന്നത്. അങ്ങയുമായി കണ്ട് എനിക്ക് വളരെ സന്തോഷമായി. അങ്ങയുടെ ആഗമനം വീണ്ടും ഞാൻ സ്വാഗതം ചെയ്യുകയാണ്. മിനിസ്റ്ററുമായുള്ള ഈ കൂടിക്കാഴ്ച 3.50 വരെ തുടർന്നു. അതിനുശേഷം പാർലമെന്റംഗം Judy sgro ഹുദൂറിനോടു പറഞ്ഞു: 'അങ്ങയുടെ കമ്മ്യൂണിറ്റിയിൽപ്പെട്ട ധാരാളമാളുകൾ പാർലമെന്റിനുവെളിയിൽ വന്നിട്ടുണ്ട്. ഖലീഫത്തുൽ മസീഹിന്റെ ഇവിടെ പാർലമെന്റിൽ ആഗമനം ഞങ്ങൾക്കു വളരെ വലിയ ബഹുമതിയാണ്. അവസാനം അവർ ഹുദൂർ അൻവറിനുവേണ്ടി സദുദ്ദേശ്യവും ആഗ്രഹങ്ങളും പ്രകടിപ്പിച്ചുകൊണ്ട് ഹുദൂർ അൻവറിന്റെ തിരുസന്നിധിയിൽ തനിക്കുവേണ്ടി പ്രത്യേകം ദുആ ചെയ്യാൻ അപേക്ഷിച്ചു. (തുടരും)

## റമദാൻ എന്ന നാമം

"സൂര്യന്റെ ചൂടിനാണ് റമദ എന്നു പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളിലും ശാരീരിക സുഖങ്ങളിലും ക്ഷമ കൈക്കൊള്ളുന്നു. രണ്ടാമതായി അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നതിൽ ഒരു ചൂടും ആവേശവും ഉണ്ടാക്കുന്നു. ആത്മീയവും ശാരീരികവുമായ ചൂടും താപവും ചേർന്ന് റമദാൻ (രണ്ടുചൂട്) ഉണ്ടായി. ചൂടു മാസത്തിൽ വന്നതുകൊണ്ട് റമദാൻ എന്നുപറയപ്പെട്ടു എന്ന് നിഘണ്ടുകർത്താക്കൾ പറയുന്നത് എന്റെ അഭിപ്രായത്തിൽ ശരിയല്ല. എന്തുകൊണ്ടെന്നാൽ, അറബികൾക്കു മാത്രം ഈ പ്രത്യേകത ഉണ്ടാകാവതല്ല. ആത്മീയമായ ചൂടു കൊണ്ടുള്ള ഉദ്ദേശ്യം ആത്മീയമായ താൽപര്യവും ആസക്തിയും മതപരമായ കാര്യങ്ങൾ നിർവഹിക്കുന്നതിലുള്ള ചൂടുമാണ്. കല്ലുകൾ തുടങ്ങിയവ ചൂടാകുന്ന വെയിലിനും റമദ എന്നു പറയും." *(തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാല്യം 1, പേജ് 264)*

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-2 Thursday 20 April 2017 Issue-16

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

# കനഡിയൻ പാർലമെന്റിൽ വിവിധ പാർലമെന്റംഗങ്ങളുമായി അമീറുൽ മുഅ്മിനീന്റെ കൂടിക്കാഴ്ചയും സുപ്രധാന ഉപദേശങ്ങളും

**ഹുബ്ബുൽവത്നി മിനൽഈമാൻ ദേശത്തോടുള്ള സ്നേഹം വിശ്വാസത്തിന്റെ ഭാഗമാണ്.**
**ഈ സന്ദേശമനുസരിച്ച് പ്രവർത്തിക്കുകയാണെങ്കിൽ പിന്നെ രാജ്യത്ത് ഒരു കുഴപ്പവും ദ്രോഹവുമുണ്ടാകുകയില്ല. സർക്കാരിന് ഒരു പ്രയാസങ്ങളുമുണ്ടാകുകയില്ല. എല്ലാ ഓരോരുത്തരും രാജ്യത്തിന്റെ ക്ഷേമകാംക്ഷികളും ദേശത്തോടു കൂറു പുലർത്തുന്നവരുമായിരിക്കും. ഒരു പാർട്ടിയും ഒരു സംഘവും രാജ്യത്തിന് വിരുദ്ധമാവുകയില്ല. രാജ്യത്ത് സമാധാനം സ്ഥാപിക്കപ്പെടുന്നതായിരിക്കും.**

**എല്ലാ ഓരോരുത്തരും പരസ്പരം കടമകൾ നിറവേറ്റുക. മറ്റുള്ളവരുട അവകാശങ്ങൾ തട്ടിപ്പറിച്ചെടുക്കാതിരിക്കുക.**
**എല്ലാ ഓരോരുത്തരും പരസ്പരം കടമകൾ നിറവേറ്റുകയാണെങ്കിൽ സമൂഹത്തിൽ സമാധാനമുണ്ടാകും.**

2016 ഒക്ടോബർ 17ന് അമീറുൽ മുഅ്മിനീൻ കനഡ പാർലമെന്റിൽ അതായത് പാർലമെന്റ് ഹില്ലിൽ പോകുകയുണ്ടായി. അവിടെ അമീറുൽ മുഅ്മിനീന് എല്ലാവിധ പ്രൗഢിയോടുംകൂടി ഹൃദ്യമായ സ്വീകരണമാണ് നൽകപ്പെട്ടത്. പാർലമെന്റിൽ വിവിധ സെനറ്റ്(Senate)അംഗങ്ങളും മന്ത്രിമാരും അമീറുൽ മുഅ്മിനീനുമായി കൂടിക്കാഴ്ച നടത്തുകയുണ്ടായി. അമീറുൽ മുഅ്മിനീൻ ലോകത്തിന്റെ അവസ്ഥകളേയും സമാധാന സംസ്ഥാപനത്തേയും സംബന്ധിച്ച് പാർലമെന്റിൽ പ്രഭാഷണം നടത്തി. അമീറുൽ മുഅ്മിനീന്റെ പ്രഭാഷണം ഉലമാ, രാഷ്ട്രീയനേതാക്കൾ, ജീവിതത്തിലെ വിവിധ വകുപ്പുകളുമായി ബന്ധം വെക്കുന്നവർ, തുടങ്ങിയവർക്ക് വളരെ ഇഷ്ടപ്പെട്ടു. അവർ വളരെ നല്ല അഭിപ്രായപ്രകടനങ്ങൾ നടത്തി. അമീറുൽ മുഅ്മിനീന്റെ ആ ദിവസത്തെ പരിപാടികൾ അങ്ങേയറ്റം വിശ്വാസധാർഢ്യം വരുത്തുന്നതായിരുന്നു. അതുകൊണ്ട് വായനക്കാർക്കുവേണ്ടി ആ ദിവസം നടന്ന പരിപാടികളുടെ പൂർണരൂപം തുടർലക്കങ്ങളിൽ ഖണ്ഡശ പ്രസിദ്ധീകരിക്കുന്നതാണ്. (എഡിറ്റർ)

(ഭാഗം 3)

അതിനുശേഷം പരിപാടി അനുസരിച്ച് അമീറുൽ മുഅ്മിനീൻ പാർലമെന്റ് ഹില്ലിന്റെ രണ്ടാമത്തെ നിലയിൽ വന്നു. അവിടെ ഒരു ഹാളിൽ പാർലമെന്റംഗങ്ങളുടെ വകയായി റെഫ്രഷ്മെന്റിനുള്ള ഏർപാടു ചെയ്തിരുന്നു. പരിപാടി അനുസരിച്ച് റെഫ്രഷ്മെന്റിനിടയിൽ പാർലമെന്റംഗങ്ങൾ അവരവരുടെ ഊഴമനുസരിച്ച് അമീറുൽ മുഅ്മിനീനെ കാണുന്നതിനായി വന്നു.

അമീറുൽ മുഅ്മിനീൻ അവരുമായി സംസാരിച്ചു. എല്ലാ പാർലമെന്റംഗങ്ങളും അമീറുൽ മുഅ്മിനീനുമായി നിന്ന് ഫോട്ടോ എടുത്തു. ഈ പരിപാടി ഏകദേശം ഒരുമണിക്കൂർ നീണ്ടുനിന്നു. 30 ലധികം പാർലമെന്റംഗങ്ങളും മറ്റു ഭരണാധികാരികളും ഇതിന്നിടയിൽ അമീറുൽ മുഅ്മിനീനുമായി കൂടിക്കാഴ്ച നടത്തി. അമീറുൽ മുഅ്മിനീന്റെ അനുവാദത്തോടെ ഈ അംഗങ്ങളെല്ലാം ചേർന്ന് ഗ്രൂപ്പ് ഫോട്ടോയുമെടുത്തു.

അതിനുശേഷം അതേ ഹാളിൽ പ്രത്യേകം സജ്ജമാക്കപ്പെട്ട സ്ഥലത്ത് അമീറുൽ മുഅ്മിനീൻ ളുഹ്ർ-അസ്വ്ർ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. കനഡിയൻ പാർലമെന്റിന്റെ ചരിത്രത്തിൽ ആദ്യമായാണ് ജമാഅത്തോടുകൂടിയ നമസ്കാരം അനുഷ്ഠിക്കപ്പെടുന്നത്. ഇതിനുമുമ്പേ ഈ കെട്ടിടത്തിൽ ഇത്തരം സംഭവം ഒരിക്കലും ഉണ്ടായിട്ടില്ല.

അമീറുൽ മുഅ്മിനീൻ നമസ്കരിച്ചു കഴിഞ്ഞപ്പോൾ വേറെ ചില പാർലമെന്റംഗങ്ങൾ അദ്ദേഹത്തെ കാണാനെത്തി. അവരെല്ലാവരും അമീറുൽ മുഅ്മിനീന് ഹസ്തദാനം ചെയ്തു. അമീറുൽ മുഅ്മിനീൻ അവരെല്ലാവരുമായി സംസാരിച്ചു. അതിനുശേഷം അമീറുൽ മുഅ്മിനീനുമായിനിന്ന് ഫോട്ടോയുമെടുത്തു. ഈ പരമ്പര കുറച്ചുസമയം നീണ്ടുനിന്നു. അതുകഴിഞ്ഞ് പരിപാടിയനുസരിച്ച് അമീറുൽ മുഅ്മിനീൻ ആറാമത്തെ നിലയായ Spousal Loungeൽ വന്നു. ഇവിടെയായിരുന്നു ഉച്ചഭക്ഷണത്തിനുള്ള ഏർപാടു ചെയ്തിരുന്നത്.

അതുകഴിഞ്ഞ് അമീറുൽ മുഅ്മിനീൻ കുറച്ചുനേരത്തേക്ക് പാർലമെന്റിനു വെളിയിലുള്ള പാർക്കിൽ വന്ന് ഉലാത്താൻ തുടങ്ങി. പാർലമെന്റിനുവെളിയിൽനിന്ന ധാരാളം അഹ്മദീ പുരുഷന്മാരും സ്ത്രീകളും അമീറുൽ മുഅ്മിനീനെ കണ്ടതോടെ ശലഭങ്ങളെപ്പോലെ ചുറ്റും കൂടി. ഓരോ ചുവടിലും അമീറുൽ മുഅ്മിനീനെ കണ്ട് സായൂജ്യമടഞ്ഞു. യുവാക്കളും ആൺകുട്ടികളും പെൺകുട്ടികളുമെല്ലാം കാമറകളിൽ തങ്ങളുടെ പ്രിയപ്പെട്ട നേതാവിന്റെ ചിത്രം പകർത്തി. ഈ സമയമെല്ലാം എല്ലാവരും തങ്ങളുടെ നേതാവിന്റെ ചുറ്റും നില്ക്കുകയും അനുഗ്രഹം പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്തു.

പിന്നീട് അമീറുൽ മുഅ്മിനീൻ പാർലമെന്റ് ഹില്ലിലേക്ക് മടങ്ങിപ്പോയി. പരിപാടി അനുസരിച്ച് 2.45ന് അമീറുൽ മുഅ്മിനീനെ പാർലമെന്റ് യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ കൽഗരി വിസിറ്റ് ചെയ്യുന്നതിനായി കൊണ്ടുപോയി. പ്രത്യേകസ്ഥലത്ത് ഉപവിഷ്ഠനാക്കി.

അമീറുൽ മുഅ്മിനീന്റെ ആഗമനത്തിനുമുമ്പേ പാർലമെന്റംഗമായ ജോഡി സഗ്രോ താഴെ രേഖപ്പെടുത്തുന്ന സ്റ്റേറ്റുമെന്റ് പാർലമെന്റ് യോഗത്തിൽ അവതരിപ്പിച്ചു കഴിഞ്ഞിരുന്നു.(ഇന്ന് കുറച്ചുനേരം മുമ്പേ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് പര്യടനം നടത്തുന്നതിനായി ഒട്ടാവായിൽ വന്നിരിക്കുന്നു. ഈ പര്യടനത്തിന്നിടയിൽ അദ്ദേഹം കാബനെറ്റ് മന്ത്രിമാരേയും പാർലമെന്റംഗങ്ങളേയും പ്രധാനമന്ത്രിയേയും കാണുന്നതാണ്. ഈ കൂടിക്കാഴ്ചകൊണ്ടു അദ്ദേഹം ഉദ്ദേശിക്കുന്നത് 'എല്ലാവരോടും സ്നേഹം ആരോടുമില്ല വെറുപ്പ്' എന്ന സന്ദേശം വ്യാപിപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ ശ്രമം മതത്തിന്റെ സമാധാനപരവും മനോഹരവുമായ മുഖം ജനങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുക എന്നതാണ്. ഇസ്ലാമിന്റെ ചരിത്രപരമായ മാസം കൊണ്ടാടുന്ന നേരത്താണ് അദ്ദേഹത്തിന്റെ ഈ പര്യടനം. സമാധാനസംസ്ഥാപനത്തിനും മതസ്വാതന്ത്ര്യപാലനത്തിനും മനുഷ്യരോടുള്ള കടമകൾ നിർവഹിക്കുന്നതിനുമുള്ള പരിപാടികളിൽ കനഡയോടൊപ്പം ചേരാൻ ഞങ്ങൾ ലോകത്തിലെ എല്ലാ വൻശക്തികളേയും ക്ഷണിക്കുകയാണ്.

ഞാൻ ഖലീഫത്തുൽമസീഹിനും ആഗോളഅഹ്മദിയ്യാ ജമാഅത്തിനും അവരുടെ കഠിനശ്രമത്തിന് മംഗളാശംസകൾ നേരുന്നു. അങ്ങയിലേക്ക് ഞാൻ എന്റേയും കനഡിയൻ ജനതയുടേയും കൈകൾനീട്ടുന്നു-നന്ദി മിസ്റ്റർ സ്പീക്കർ)

അമീറുൽമുഅ്മിനീൻ പാർലമെന്റിന്റെ നടപടികൾ ശ്രവിച്ചു. അതിനുശേഷം പാർലമെന്റ് സ്പീക്കർ Mr.Geoff Regan എഴുന്നേറ്റുനിന്ന് ഇങ്ങനെ വിളംബരം ചെയ്തു: ഇനി ഞാൻ ആദരണീയരായ എല്ലാ സഹോദരങ്ങളുടേയും ശ്രദ്ധ കൽഗരിയിലേക്ക് തിരിക്കാൻ ആഗ്രഹിക്കുകയാണ്. അവിടെ ഇന്ന് നമ്മുടെ ഇടയിൽ ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഉണ്ട്.

ഇതുകേട്ട് ഏറ്റവുമാദ്യം പ്രധാനമന്ത്രി ജസ്റ്റൻ ട്രോഡോ സാഹിബ് എഴുന്നേറ്റുനിന്നു. അദ്ദേഹത്തോടൊപ്പം എല്ലാ അംഗങ്ങളും എഴുന്നറ്റുനിന്ന് ഹർഷാരവത്തോടെ അമീറുൽമുഅ്മിനീനെ സ്വാഗതം ചെയ്തു.

ഒരു പാർലമെന്റ് കൊട്ടാരത്തിൽ എല്ലാ അംഗങ്ങളും എഴുന്നേറ്റുനിന്ന് ഖലീഫത്തുൽ മസീഹിനെ തങ്ങളുടെ രാജ്യത്തിൽ സ്വീകരിച്ച് സ്വാഗതം ചെയ്യുന്ന സംഭവം ലോകത്ത് ആദ്യമായിട്ടാണ് നടന്നത്. 'ആ രാജാവ് വന്നു' എന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഇൽഹാം ഇന്ന് മറ്റൊരു പ്രൗഢിയോടുകൂടി പുലർന്നു. അതായത് ഒരു വലിയ രാജ്യത്തെ ഭൗതിക ഭരണകൂടത്തിലെ അംഗങ്ങൾ തങ്ങളുടെ രാജാവിനോടൊപ്പം (പ്രധാന മന്ത്രിയോടൊപ്പം)"ഒരു ആത്മീയരാജാവിനെ" ആദരിക്കുന്നതിന് എഴുന്നേറ്റുനിന്നു. ഖലീഫത്തുൽ മസീഹിലേക്ക് ദൃഷ്ടി ഉയർത്തിക്കൊണ്ട് വർത്തമാന കാല നാവുകൊണ്ട് 'ആ രാജാവ് വന്നു' എന്ന് അവർ പറയുകയായിരുന്നു.

അതിനുശേഷം അമീറുൽമുഅ്മിനീൻ തിരിച്ച് ആറാമത്തെ നിലയിൽ Spousal Lounge ൽ വന്നു. കുറച്ചു കഴിഞ്ഞ് Hon Ralph Goodale മിനിസ്റ്റർ ഓഫ് പബ്ലിക് ആന്റ് എമർജൻസി Preparedness അമീറുൽമുഅ്മിനീനുമായി കൂടിക്കാഴ്ചയ്ക്കുള്ള സൗഭാഗ്യം കരസ്ഥമാക്കി. അദ്ദേഹം പറഞ്ഞു,'ഞാൻ റജായിന എന്ന സ്ഥലക്കാരനാണ്. അങ്ങയുടെ മസ്ജിദിന്റെ ഉൽഘാടനവേളയിൽ പങ്കെടുക്കാൻ ഞാൻ ശ്രമിക്കുന്നതാണ്. ഹുദൂർ ധാരാളം യാത്ര ചെയ്യുന്നുണ്ടല്ലോ എന്നദ്ദേഹം പറഞ്ഞു.

അതുകേട്ട് അമീറുൽ മുഅ്മിനീൻ പറഞ്ഞു:'കഴിഞ്ഞ തവണ ഞാൻ കനഡയിൽ പര്യടനം നടത്തിയത് 2013 ലായിരുന്നു. ഞാൻ കനഡയിലെ പശ്ചിമ പ്രദേശമായ വേങ്കോറിലും കൽഗരിയിലുമാണ് വന്നിരുന്നത്. അതിനുമുമ്പേ 2012-ൽ ടൊറോണ്ടോയിൽ വന്നിരുന്നു. മറ്റു രാജ്യങ്ങളിലും പര്യടനം നടത്തേണ്ടിവരുന്നു. മറ്റു ചില തിരക്കുകളും ഷഡ്യൂളുകളും ചെയ്യേണ്ടതായി വരുന്നു. അതുകൊണ്ട് ഇവിടെ ഒരുപാടുകാലം കഴിഞ്ഞാണ് ഇപ്പോൾ വന്നത്.

മിനിസ്റ്റർ ചോദിച്ചു:'നിങ്ങളുടെ അംഗസംഖ്യ എത്രയായിരിക്കും? അമീറുൽമുഅ്മിനീൻ പറഞ്ഞു: ഉറച്ചതും ആത്മാർഥരുമായ അഹ്മദികൾ 16-17 മില്യനുണ്ടാകും. തങ്ങളെ അഹ്മദി എന്നുപറയുന്ന മറ്റു മില്യൺക്കണക്കിന് അഹ്മദികളുണ്ട്. പക്ഷേ, അവർക്ക് ദൃഢതരമായ ബന്ധം ജമാഅത്തുമായിട്ടില്ല. അവർ ഒരിക്കലും radicalise ആകുകയില്ലെന്ന് അവരെ കുറിച്ച് എനിക്ക് പറയാൻ കഴിയും.

മിനിസ്റ്റർ ചോദിച്ചു: അവർ radicalise ആകാതിരിക്കാൻ അങ്ങ് അങ്ങയുടെ കമ്മ്യൂണിറ്റിക്ക് എങ്ങനെയാണ് ശിക്ഷണം നല്കുന്നത്?

അമീറുൽമുഅ്മിനീൻ പറഞ്ഞു: ഏറ്റവും വലിയ കാര്യം അല്ലാഹുവിന്റെ കൃപയാണ്. ഞങ്ങളുടെ ട്രെനിംഗിന്റെ വ്യവസ്ഥിതി എങ്ങനെയുള്ളതാണെന്നു വച്ചാൽ ഞങ്ങൾ കുട്ടിക്കാലംമുതലെ ശിക്ഷണം നൽകുന്നു. അല്ലാഹുവിനെ ആരാധിക്കണമെന്നും അല്ലാഹുവിനോടുള്ള കടമകൾ നിറവേറ്റണമെന്നും അവന്റെ ദാസരോടുള്ള കടമകൾ നിറവേറ്റണമെന്നും ജനങ്ങളെ സ്നേഹിക്കണമെന്നും രാജ്യത്തെ സ്നേഹിക്കണമെന്നും രാജ്യത്തിന്റെ അഭിവൃദ്ധിക്കായി പ്രവൃത്തിക്കണമെന്നും എപ്പോഴും സമാധാനത്തോടും ഐക്യത്തോടും കഴിയണമെന്നും കുട്ടിക്കാലംമുതലെ ഞങ്ങളുടെ കുട്ടികളെ ഞങ്ങൾ പഠിപ്പിക്കുന്നു. ഞങ്ങളുടെ പരിപാടികളിലും മസ്ജിദുകളിലും യോഗങ്ങളിലും ഞങ്ങളുടെ മതപഠനസ്ഥാപനങ്ങളിലും സ്കൂളുകളിലും സഭകളിലും ഇതുതന്നെയാണ് പഠിപ്പിക്കുന്നത്. അമീറുൽമുഅ്മിനീൻ പറഞ്ഞു: ഇത് അല്ലാഹുവിന്റെ

(ശേഷം പേജ് 7ൽ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin